# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടവല്ലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: 6/1339/2021 നം.കെ.എസ്.എ(ടി.എസ്.ആർ)പി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടവല്ലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: 6/1339/2021 നം.കെ.എസ്.എ(ടി.എസ്.ആർ)പി തീയ്യതി: 22/03/2022

## തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 17-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 17-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വി.കെ.രാം മനോഹർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.മീര.ടി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈനികൃഷ്ണദാസ് ഇ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രേഖ.ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശോഭന യു.പി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| നന്ദകുമാരൻ കെ.കെ. | സെക്രട്ടറി | 01-04-2019 | 02-10-2019 |
| സുനില വി.ജി. | സെക്രട്ടറി | 03-10-2019 | 29-10-2019 |
| വേണുഗോപാൽ | സെക്രട്ടറി | 30-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കൊച്ചുത്രേസ്യ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 21-07-2019 |
| ഒഴിവ് | ഒഴിവ് | 22-07-2019 | 24-07-2019 |
| സുനില വി.ജി. | അസിസ്റ്റന്റ് സെക്രട്ടറി | 25-07-2019 | 31-03-2020 |
| മിനിമോൾ പി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 19-07-2019 |
| ബിജി ചാക്കോ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2019 | 31-03-2020 |
| ദീപ വി.എസ് | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| വിജീഷ് പി.വി. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ലത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 17-01-2020 |
| സഹീറ പി.പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-01-2020 | 31-03-2020 |
| ജുവൽ എം.എസ്. | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഷാമില വി.എം. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| സിനോജ് | വി.ഇ.ഒ (കടവല്ലൂർ സർക്കിൾ) | 01-04-2019 | 31-03-2020 |
| അംബുജാക്ഷി | വി.ഇ.ഒ (കരിക്കാട് സർക്കിൾ) | 01-04-2019 | 25-09-2019 |
| രോഹിണി | വി.ഇ.ഒ (കരിക്കാട് സർക്കിൾ) | 26-09-2019 | 02-12-2019 |
| ഒഴിവ് | വി.ഇ.ഒ (കരിക്കാട് സർക്കിൾ) | 03-12-2019 | 09-01-2020 |
| നിഷ | വി.ഇ.ഒ (കരിക്കാട് സർക്കിൾ) | 10-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| അഭിലാഷ് | മെഡിക്കൽ ഓഫീസർ. പി.എച്ച്. സി | 01-04-2019 | 31-03-2020 |
| പ്രീത.കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-09-2021) | 1-1 |
| 2 | ബജറ്റ് നിര്‍ദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-1-2 |
| 4 | വാര്‍ഷിക ധനകാര്യപത്രിക<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 21-09-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Ram Manohar V.K (Audit Officer (HG), On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-5 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: Meera T (Audit Officer, On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-6 |
| 9 | ക്ഷേമപെന്‍ഷനുകള്‍ സംബന്ധിച്ച്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 21-09-2021)<br>Last Updated By: REKHA E.C. (Auditor, On 21-09-2021) | 1-7 |
| 10 | ക്യാഷ് ബാലന്‍സ് പരിശോധന<br>Written By: REKHA E.C. (Auditor, On 21-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-09-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-09-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം<br>Written By: Ram Manohar V.K (Audit Officer (HG), On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-10 |
| 13 | അടിസ്ഥാന അനുപാതങ്ങള്‍, ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകള്‍ ഓഡിറ്റിന് സമര്‍പ്പിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-11-1 |
| 14 | വസ്തു നികുതി റെസിഡന്‍ഷ്യല്‍ (തന്‍വര്‍ഷം)- വാര്‍ഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-11-2 |
| 15 | വസ്തുനികുതി -റെസിഡന്‍ഷ്യല്‍ (കുടിശ്ശിക)-വാര്‍ഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-11-3 |

| | | |
|---|---|---|
| 16 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-11-4 |
| 17 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-11-5 |
| 18 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-11-6 |
| 19 | വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-11-7 |
| 20 | വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-11-8 |
| 21 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-11-9. |
| 22 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-11-10 |
| 23 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-09-2021)<br>Last Updated By: REKHA E.C. (Auditor, On 22-02-2022) | 1-11-11 |
| 24 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-11-12 |
| 25 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-11-13 |
| 26 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-11-14 |
| 27 | ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-11-15 |
| 28 | അഡ്വാൻസ്, ഡെപ്പോസിറ്റ്, ഇൻവെസ്റ്റ്മെന്റ് , സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-11-16 |
| 29 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-11-17 |
| 30 | പ്രത്യേകോദ്ദേശ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നുമില്ല.<br>Written By: REKHA E.C. (Auditor, On 23-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-11-18 |
| 31 | ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് | 1-11-19 |

| | | |
|---|---|---|
| | അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.<br>Written By: REKHA E.C. (Auditor, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | |
| 32 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-11-20 |
| 33 | റീകൺസീലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-11-21 |
| 34 | വികസനഫണ്ട് എസ് സി പി - വാർഷികകണക്ക് പ്രകാരമുള്ള -ചെലവ് വാർഷിക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-11-22 |
| 35 | 2019-20 വർഷത്തെ അംങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം -ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-11-23 |
| 36 | " Directly Debited By Bank" ൽ ഉൾപ്പെടുത്തിയത് ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-11-24 |
| 37 | സാംഖ്യാ രസീത് റദ്ദാക്കൽ നടപടിക്രമങ്ങളിലെ അപാകതകൾ.<br>Written By: REKHA E.C. (Auditor, On 21-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-12-1 |
| 38 | കാൻസൽ ചെയ്ത അതേ സാംഖ്യ രസീത് സഞ്ചയയിൽ വസ്തുനികുതി അടവാക്കിയതായി പോസ്റ്റ് ചെയ്തിരിക്കുന്നു.<br>Written By: REKHA E.C. (Auditor, On 21-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-12-2 |
| 39 | വണ്ടിത്താവളങ്ങളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്.<br>Written By: REKHA E.C. (Auditor, On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-13 |
| 40 | വ്യാപാര സംരംഭക ലൈസൻസ്<br>Written By: REKHA E.C. (Auditor, On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-14-1 |
| 41 | പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു<br>Written By: REKHA E.C. (Auditor, On 22-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-14-2 |
| 42 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു<br>Written By: REKHA E.C. (Auditor, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-14-3 |
| 43 | ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-14-4 |

| | | |
|---|---|---|
| 44 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യ് ഈടാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-15 |
| 45 | ലേലം നടത്തിയ വിവരം അറിയിക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-16 |
| 46 | പെർമിറ്റ് അപാകതകൾ<br>Written By: REKHA E.C. (Auditor, On 24-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-17 |
| 47 | പൊതുടാപ്പ് സേവനം - സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-18 |
| 48 | സ്ട്രീറ്റ് ലൈറ്റ് സേവനം - സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-19 |
| 49 | ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-20 |
| 50 | പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ ഭരണസമിതി തീരുമാനം സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-21 |
| 51 | അസറ്റ് മാനേജ്മെന്റ് മാന്വൽ - നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-22 |
| 52 | വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവം - പദ്ധതികൾ ലക്ഷ്യം നേടാതെ അവസാനിക്കുന്നു.<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-23 |
| 53 | ജില്ലാ പഞ്ചായത്ത് വിഹിതം തിരിച്ചടവ് - അക്കൗണ്ടിലില്ലാത്ത തുക തിരിച്ചടച്ചു.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-24 |
| 54 | 2018-19 വർഷത്തെ അങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തി - തൻവർഷത്തെ വികസനഫണ്ടിൽ നിന്ന് തുക നഷ്ടമായി<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-25 |
| 55 | അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം.<br>Written By: Jomon E K (Asst. Audit Officer, On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-26 |
| 56 | സംപൂർണ്ണ ഭവന പദ്ധതി -അപാകത<br>Written By: Jomon E K (Asst. Audit Officer, On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-27 |
| 57 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കളുടെ വിവരങ്ങൾ ജിയോടാഗ് ചെയ്തിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 20-09-2021) | 1-28 |

| | | |
|---|---|---|
| | Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | |
| 58 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ -പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: Meera T (Audit Officer, On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-29 |
| 59 | വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-30 |
| 60 | മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-31 |
| 61 | ചെലവ് രേഖകളുടെ അഭാവം - തുക തടസ്സപ്പെടുത്തുന്നു.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-32 |
| 62 | നിയമന ഉത്തരവുകളോ തീരുമാനങ്ങളോ ലഭ്യമാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-33 |
| 63 | റേഷ്യോ പ്രമോഷൻ കുടിശ്ശിക അനുവദിച്ച വൗച്ചറും, ഉത്തരവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-34 |
| 64 | ഡി.എ കുടിശ്ശിക അനുവദിച്ചതിലെ അപാകതകൾ - പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 18-03-2022) | 1-35 |
| 65 | സ്ഥലം മാറ്റം ലഭിച്ചുപോയ ജീവനക്കാരുടെ സേവനപുസ്തകത്തിൽ സറണ്ടർ ലീവ് സാലറി അനുവദിച്ച രേഖപ്പെടുത്തൽ വരുത്തുന്നതിൽ വീഴ്ച വന്നിട്ടില്ലെന്ന് ഉറപ്പാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-36 |
| 66 | പൊതുടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയിട്ടും വാട്ടർചാർജ്ജ് അടവാക്കുന്നു.<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 1-37 |
| 67 | മരാമത്ത് പണികൾ - മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-38 |
| 68 | മരാമത്ത് പണികൾ--പൊതു അപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-39 |
| 69 | ഇക്കഴി റോഡ് - കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ നിരസിച്ചതിന് കാരണം രേഖപ്പെടുത്താതെ റീടെണ്ടറിന് തീരുമാനിച്ചു- ഒഴിവാക്കാമായിരുന്ന അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 1-40 |
| 70 | ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു. | 1-41 |

| | | |
|---|---|---|
| | Written By: Ram Manohar V.K (Audit Officer (HG), On 24-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: REKHA E.C. (Auditor, On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: REKHA E.C. (Auditor, On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 25-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: REKHA E.C. (Auditor, On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 20-09-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Ram Manohar V.K (Audit Officer (HG), On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 25-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Ram Manohar V.K (Audit Officer (HG), On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 24-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Ram Manohar V.K (Audit Officer (HG), On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 24-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Ram Manohar V.K (Audit Officer (HG), On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Ram Manohar V.K (Audit Officer (HG), On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 20-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ram Manohar V.K (Audit Officer (HG), On 20-09-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 20-09-2021)<br>Last Updated By: REKHA E.C. (Auditor, On 23-02-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 21.02.19 ലെ തീരുമാനം 33പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് മുൻബാക്കി 10,63,518.89 രൂപ ചേർത്ത് ആകെ വരവ് 19,36,61,543.89 രൂപയും ആകെ ചെലവ് 19,24,54,570 രൂപയും നീക്കിബാക്കി 12,06,973.89 രൂപയും ആണ്. 25.02.19ലെ ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. തുടർന്ന് ആവശ്യമായ ഭേദഗതികളോടെ, മുൻബാക്കി 10,63,519 രൂപയും, പ്രതീക്ഷിത വരുമാനം 19,25,98,025 രൂപയും ചേർത്ത് ആകെ വരവ് 19,36,61,544 രൂപയും ആകെ ചെലവ് 19,24,54,570 രൂപയും നീക്കിബാക്കി 12,06,974രൂപയും വരുന്ന 2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26.02.19 ലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. പഞ്ചായത്ത് പാസ്സാക്കിയ ബജറ്റിൽ വികസനഫണ്ട് വിഹിതമായി ചേർത്തിരിക്കുന്നത് 3,62,40,000രൂപയാണ്. എന്നാൽ സംസ്ഥാന നിയമസഭ അംഗീകരിച്ച സംസ്ഥാന ബജറ്റിന്റെ Annexure IV പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് 4,32,70,000രൂപയാണ്. പഞ്ചായത്ത് പാസ്സാക്കിയ ബജറ്റിൽ മെയിന്റനൻസ് ഫണ്ട് വിഹിതമായി ചേർത്തിരിക്കുന്നത് 3,27,17,000രൂപയാണ്. എന്നാൽ സംസ്ഥാന നിയമസഭ അംഗീകരിച്ച സംസ്ഥാന ബജറ്റിന്റെ Annexure IV പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് വിഹിതമായി (റോഡ് & നോൺ റോഡ്) നിശ്ചയിച്ചിട്ടുള്ളത് 2,20,91,000രൂപയാണ്. 23.03.20 ലെ ഭരണസമിതി തീരുമാനം 1(2) പ്രകാരമാണ് 2019-20ലെ പുതുക്കിയ ബജറ്റ് അംഗീകരിച്ചതായി ചേർത്തിട്ടുള്ളത്. അത് പ്രകാരം മുൻബാക്കി 8,15,46,399 രൂപയും, പ്രതീക്ഷിത വരുമാനം 21,14,78,525 രൂപയും ചേർത്ത് ആകെ വരവ് 29,30,24,924 രൂപയും ആകെ ചെലവ് 27,57,32,070 രൂപയും നീക്കിബാക്കി 1,72,92,854 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചത് സംബന്ധിച്ച വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | 19.12.18 | സമയപരിധിക്കകം |
| വികസനം | 22.12.18 | സമയപരിധിക്കകം |
| ക്ഷേമകാര്യം | ഇല്ല | ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചില്ല |

ഗ്രാമ പഞ്ചായത്തിൽ അതാത് സ്റ്റാന്റിംഗ് കമ്മറ്റിക്ക് കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ഉയർന്ന് ഗ്രാമസഭ പരിഗണിച്ച് അത് അതാത് സ്റ്റാന്റിംഗ് കമ്മറ്റി പരിഗണിച്ച് വികസനസെമിനാറിലേക്ക് ശുപാർശ ചെയ്തതായോ തുടർന്ന് അന്തിമമാക്കിയതായോ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. അതുകൊണ്ടുതന്നെ ബജറ്റ് നിർദ്ദേശങ്ങൾക്കായി പരിഗണിച്ച പ്രോജക്ടുകളുടെ സാമ്പത്തിക വിശകലനം എപ്രകാരമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സാധ്യമായത് എന്ന് വ്യക്തവും അല്ല.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽവിവരിച്ച പ്രകാരമുള്ള പത്രികകളോട് കൂടിയ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്ത് കമ്മറ്റിയിലേക്ക് ശുപാർശ ചെയ്തതായി രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. അതേസമയം പഞ്ചായത്ത് അംഗീകരിച്ചതായ ബജറ്റിൽ മേൽവിവരിച്ച പ്രകാരമുള്ള പത്രികകൾ (നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് ഒഴിച്ച്) ഉൾപ്പെട്ടിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനക്ക് വരാതെതന്നെ പ്രസ്തുത പത്രികകൾ ഭരണസമിതിയുടെ പരിഗണനക്ക് വന്നത് എപ്രകാരമെന്നും വ്യക്തമല്ല. അതുകൊണ്ടുതന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യഥാവിധി പരിഗണിച്ച ബജറ്റ് നിർദ്ദേശങ്ങൾ ആണ് പഞ്ചായത്ത് ഭരണസമിതി പരിഗണിച്ച് പാസ്സാക്കിയതെന്ന് കരുതാവുന്നതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

(Ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

27.04.19 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം (1) പ്രകാരം, 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പൂർത്തീകരിക്കാത്ത 54 പ്രോജക്ടുകൾ സ്പിൽ ഓവറായി കൊണ്ടുവരുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

പഞ്ചായത്ത് പാസ്സാക്കിയ ബജറ്റിൽ വികസനഫണ്ട് വിഹിതമായി ചേർത്തിരിക്കുന്നത് 3,62,40,000രൂപയാണ്. എന്നാൽ സംസ്ഥാന നിയമസഭ അംഗീകരിച്ച സംസ്ഥാന ബജറ്റിന്റെ Annexure IV പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് 4,32,70,000രൂപയാണ്. പഞ്ചായത്ത് പാസ്സാക്കിയ ബജറ്റിൽ മെയിന്റനൻസ് ഫണ്ട് വിഹിതമായി ചേർത്തിരിക്കുന്നത് 3,27,17,000രൂപയാണ്. എന്നാൽ സംസ്ഥാന നിയമസഭ അംഗീകരിച്ച സംസ്ഥാന ബജറ്റിന്റെ Annexure IV പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് വിഹിതമായി (റോഡ് & നോൺ റോഡ്) നിശ്ചയിച്ചിട്ടുള്ളത് 2,20,91,000രൂപയാണ്. സംസ്ഥാന ബജറ്റ് വിഹിതമനുസരിച്ച് പ്രോജക്ടുകൾ പരിഷ്കരിച്ചപ്പോൾ ബജറ്റ് പുതുക്കേണ്ടതായിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

2019-20 ൽ പ്രോജക്ട് നമ്പർ 27/20 ( മണിയറക്കോട് ഒരുകാൽകുന്ന് റോഡ് കാന നിർമ്മാണം ) എന്ന പ്രോജക്ടിന് 200000 രൂപ ആദ്യം വകയിരുത്തിയിരുന്നെങ്കിലും പിന്നീട് തൻവർഷ അടങ്കൽ 150938 ആക്കി ഭേദഗതി ചെയ്തിരുന്നു. എന്നാൽ തൻവർഷം 200000 രൂപ തന്നെയാണ് ഈ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളത് (സുലേഖ സ്റ്റേറ്റ്മെന്റിലും ഇത് വ്യക്തമാണ്). അതായത് ആവശ്യത്തിന് അലോക്കേഷൻ ഇല്ലാതെ തുക ചെലവഴിച്ചു. ഇതേ അപാകത പ്രോജക്ട് നമ്പർ 132/20 (ആൽത്തറ സ്കൂൾ പിൻഭാഗം റോഡ് കാന നിർമ്മാണം) എന്ന പ്രോജക്ടിലും ആവർത്തിച്ചു. ആവശ്യമായ ബജറ്റ് നിയന്ത്രണത്തിന്റെ അഭാവത്തെയാണ് മേൽ അപാകതകൾ

സൂചിപ്പിക്കുന്നത്.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 23.03.20 ൽ ചേർന്ന പ്രത്യേകയോഗത്തിലെ തീരുമാനം നമ്പർ 1(2) അനുസരിച്ച് 2019-20 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. 2020-21ലെ ബജറ്റ് അംഗീകാരത്തിന് പരിഗണിക്കുമ്പോൾ മാത്രം 2019-20ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത് പ്രസ്തുത സാമ്പത്തിക വർഷത്തിൽ (2019-20) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 12.11.20 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 19,420,353.89 |
| ഓഡിറ്റ് വർഷത്തെ വരവ് | 89,265,776 |
| ആകെ | 108,686,129.89 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 78,074,501 |
| നീക്കിയിരിപ്പ് | 30,611,628.89 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | ഇല്ല | 18052692 | 18052692 | 13255745 | 4796947 |
| 2 | വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 14085000 | 14085000 | 8104413 | 5980587 |
| 3 | വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 181858 | 181858 | 0 | 181858 |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | ഇല്ല | 12646117 | 12646117 | 6651860 | 5994257 |
| 5. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ഇല്ല | 17226000 | 17226000 | 9327866 | 7898134 |
| 6. | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ഇല്ല | 4865000 | 4865000 | 3263989 | 1601011 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയ്ക്ക് പലതിനും ACR എഴുതിസൂക്ഷിച്ചിട്ടില്ല. എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടുള്ളവയിൽ, വരവ്, ചെലവ്, നീക്കിബാക്കി എന്നിവയുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി

ഫണ്ടുകളുടെ വരവ് ചെലവ് നീക്കിബാക്കി കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരംലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 255 | 124982731 | 89 | 52144209 | 130 | 36 | 34.90 |

## 1-6 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2052 | 1451004 | 1453056 | 1453056 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21082152 | 21082152 | 21082152 | 0 |

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 7320 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 1681800 | 93 |
| വിധവാ പെൻഷൻ | 9674400 | 537 |
| വാർദ്ധക്യകാലപെൻഷൻ | 15752700 | 375 |
| വികലാംഗ പെൻഷൻ | 2158000 | 119 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 912600 | 50 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-09-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,045/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൌണ്ടിങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03-08-2021 | 01/2021 മുതൽ 03/2021 വരെ | 03-08-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2017 | 2011-12 മുതൽ 2015-16 വരെ | 10-05-2017 |

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ, ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 1-11-2 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3308061 | 3297062 | 17555 | 32 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3308061 | 3290600 | 17555 | 32 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

## 1-11-3 വസ്തുനികുതി -റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 95 | - | 95 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 0 | 97 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

31.3.19ലെ ബാലൻസ് ഷീറ്റ് പ്രകാരം 431100102( Arrear Res. Building) വസ്തു നികുതി 0 രൂപയാണ്. 19-20 ലെ സഞ്ചയ ഡി സി ബി പ്രകാരം Arrear Res. Building Demand സെസ്സ് ഉൾപ്പെടെ 102( 95+7) രൂപയാണ് . 41900187 ജേണൽ പ്രകാരം 95രൂപ 30.3.20 തിയതിയിൽ 280100101- Prior Period Income On Propert Tax Res. Building ക്രെഡിറ്റ് ചെയ്ത് അരിയർ ഡിമാന്റ് ക്രമപ്പെടുത്തിയിരിക്കുന്നു.

## 1-11-4 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2159162 | 2150092 | 8773 | 4244 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2159162 | 2147554 | 8773 | 4244 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | |

## 1-11-5 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 24000 | 245 | 24000 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 24000 | - | 24000 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11-6 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 170154 | 7 | 170161 | 169341 | 0 | 169341 | 997 | - | 2 | 7 | 9 |
| | നോൺ-റെസിഡൻഷ്യൽ | 110265 | 1200 | 111465 | 108313 | 12 | 108325 | 454 | - | 213 | 1200 | 1400 |
| | ആകെ | | | 281626 | | | 277666 | 1451 | | 1409 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 192264 | | | 277666 | | | | 280204 | 1422 | | |
| | | (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
2.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 277666

രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല മറിച്ച് 280204 രൂപയാണ്. (വൗച്ചർ 41900191 തീ 31.3.20 (170152+110052=280204))

## 1-11-7 വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 52429 | 31675 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 4837 | 15561 |

## 1-11-8 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ 359 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-9. വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-11-10 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-11 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (95) |
| 280800301-Prior Period Operation And Maintanence Expenditure | 108707 |
| 280800601-Prior Period Revenue Grant And Contribution | 585375 |
| 280200401-Prior Period Income-Other Income | (62608) |
| 280800701-Prior Period-Misc Expenses | (2227735) |

## 1-11-12 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-14 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11191275രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 937194രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-15 ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58, 4(എ))

## 1-11-16 അഡ്വാൻസ്, ഡെപ്പോസിറ്റ്, ഇൻവെസ്റ്റ്മെന്റ് , സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതിനായി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-17 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി

31/3/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101-Other Fixed Assets. എന്ന ആസ്തികൾക്ക് 201560 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2020 ലെ Accumalated Depreciation 467224രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2020-21 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് പ്രകാരം 410710199- Movable Assets- Others എന്ന ആസ്തിക്ക് 1219599/- രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ടി ആസ്തിയുടെ Accumalated Depreciation ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11-18 പ്രത്യേകോദ്ദേശ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

<table>
<tr><th></th><th colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4</th><th colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17</th></tr>
<tr><th>ക്രമ നമ്പർ</th><th>ശീർഷകം</th><th>ഇനം</th><th>തുക</th><th>ശീർഷകം</th><th>ബാങ്ക് അക്കൗണ്ട്</th><th>തുക</th></tr>
<tr><td>1</td><td>320700104</td><td>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</td><td>566000</td><td rowspan="3">450650109</td><td rowspan="3">ട്രഷറി സ്പെ. ടി എസ് ബി 794</td><td rowspan="3">798384</td></tr>
<tr><td>2</td><td>320700105</td><td>ജില്ലാ പഞ്ചായത്ത് വിഹിതം</td><td>503</td></tr>
<tr><td>3.</td><td>320700204</td><td>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</td><td>548185</td></tr>
<tr><td>4</td><td>320700205</td><td>ജില്ലാ പഞ്ചായത്ത് വിഹിതം</td><td>989</td><td colspan="3"></td></tr>
</table>

## 1-11-19 ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450430102 | 11659 | 2543 |
| 2 | 450430103 | 10024 | 250 |

## 1-11-20 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 (A) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 774302രൂപ യാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 6183016രൂപയുമാണ്. കൂടാതെ 2019-20 വർഷത്തിൽ പൂർത്തീകരിച്ച പദ്ധതികളും Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെട്ട് കാണുന്നു.

## 1-11-21 റീകൺസീലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

പ്രതിമാസ റീകൺസീലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-11-22 വികസനഫണ്ട് എസ് സി പി - വാർഷികകണക്ക് പ്രകാരമുള്ള -ചെലവ് വാർഷിക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

വികസനഫണ്ട് എസ് സി പി - വാർഷികകണക്ക് പ്രകാരമുള്ള ചെലവ് 7198345 രൂപയും എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഇത് 8104413 രൂപയുമാണ്.

## 1-11-23 2019-20 വർഷത്തെ അംങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം -ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല

2019-20 വർഷത്തെ വികസനഫണ്ട് അനവദിച്ചുകൊണ്ടുള്ള 03.04.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 2772/2019/ധന., 01.08.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6105/2019/ധന., 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/2019/ധന., എന്നിവ പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ അങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ ഓരോ നാലു മാസക്കാലത്തേയും പ്രാദേശിക സർക്കാർ വിഹിതമായി ₹496400 വീതം ആകെ ₹14,89,200/-അനുവദിച്ചിരുന്നതാണ്. ഈ തുക "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനും, ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഇതിനനുസൃതമായ ഒരു സാക്ഷ്യപത്രം ബില്ലിനോടൊപ്പം ഹാജരാക്കുന്നതിനും ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത തുകയിൽ 481020രൂപ മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നത്. 1008180 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-24 " Directly Debited By Bank" ൽ ഉൾപ്പെടുത്തിയത് ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2020 വരെയുള്ള മാസങ്ങളിൽ റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| തീയ്യതി | തുക |
|---|---|
| 3.12.19 | 26750 |
| 3.12.19 | 21295 |

## 1-12-1 സാംഖ്യാ രസീത് റദ്ദാക്കൽ നടപടിക്രമങ്ങളിലെ അപാകതകൾ.

ഡേ ബുക്ക്, ക്യാൻസൽഡ് റെസിപ്റ്റ് റിപ്പോർട്ട് എന്നിവ പരിശോധിച്ചപ്പോൾ 23.11.2019ന് 119010109924-എന്ന സാംഖ്യ റെസിപ്റ്റ് 4470887 സ്റ്റേഷനറി നമ്പറിൽ 266/-രൂപ സുരേഷ് എന്നവർക്ക് വസ്തു നികുതി അടച്ചതിനു ശേഷം തുടർന്ന് വന്ന അബ്ദുൽ റഹിമാൻ ആൻഡ് ആമിനക്കുട്ടി, വെള്ളത്തിങ്കൽ (വീട്) എന്നവരുടെ വസ്തു നികുതി തുക 230/- രൂപ അടക്കുന്നതിന് പ്രിന്റ് കൊടുത്തപ്പോൾ 119010109925 എന്ന സാംഖ്യ റെസിപ്റ്റ് 4470888-സ്റ്റേഷനറി നമ്പറിൽ ബ്ലാങ്ക് പ്രിന്റ് വന്നതായി രേഖപ്പെടുത്തി കണ്ടു. ബ്ലാങ്ക് പ്രിന്റ് വന്നതിനാൽ ടി റെസിപ്റ്റ് ക്യാൻസൽ ചെയ്ത് 4470889 എന്ന സ്റ്റേഷനറി നമ്പറിൽ 119010109926 സാംഖ്യ റെസിപ്റ്റ് പ്രിന്റ് വന്നു. ഈ വസ്തുത 23.11.19ലെ ക്യാൻസൽഡ് റെസിപ്റ്റ് റിപ്പോർട്ടിൽ ഒരു തവണ Amount Stationery എന്നും, രണ്ടു തവണ പ്രിന്റർ ഫാൾട് സ്റ്റേഷനറി എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് അടുത്ത മാസം 18.12.19 ന് 62 റെസിപ്റ്റിനു ശേഷം 23.11.2019ന് ക്യാൻസൽ ചെയ്ത 119010109925 എന്ന സാംഖ്യ റെസിപ്റ്റ് 4471977, 4471978, 4471979 എന്നീ മൂന്ന സ്റ്റേഷനറി റെസിപ്റ്റുകളിൽ (അന്നേ ദിവസം ക്രമപ്രകാരമുള്ള സ്റ്റേഷനറി നമ്പറുകൾ) അബ്ദുൽ റഹിമാൻ ആൻഡ് ആമിനക്കുട്ടി, വെള്ളത്തിങ്കൽ (വീട്) എന്നവരുടെ വസ്തു നികുതി തുക 230/- രൂപ അടച്ചതിന്റെ റെസിപ്റ്റ് ആയി പ്രിന്റ് വന്നു. എന്നാൽ ഈ വസ്തുത 18.12.2019.ലെ ക്യാൻസൽ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല.

പ്രസ്തുത ദിവസങ്ങളിലെ ഫ്രന്റ് ഓഫീസ് ഡയറി പരിശോധിച്ചത് പ്രകാരം ലഭിച്ച വിവരങ്ങൾ താഴെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | തീയതി | അവശേഷിക്കുന്ന സ്റ്റേഷനറി റെസിപ്റ്റ് | ചുമതല കൈമാറി നൽകിയ ഉദ്യോഗസ്ഥന്റെ പേര് | ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|---|
| 1. | 22.11.19 | 4470878 - 4471000 | പി.എ.റംല | ഹേമ പി.എസ്. |
| 2. | 23.11.19 | എഴുതിയിട്ടില്ല - 4471000 | ഹേമ പി.എസ് | ദിനു വി.എസ്. |

| | | | | |
|---|---|---|---|---|
| 3. | 17.12.19 | 4471915 - 447300 | ദിനു വി.എസ്. | പി.എ.റംല |
| 4. | 18.12.19 | 4471982 - 447300 | പി.എ.റംല | മിനി സി.ആന്റണി |

ഇത്തരത്തിൽ, 29.11.19ൽ ഷീല പോൾസൺ എന്നവർ ഹാൾ വാടക ഇനത്തിൽ 11901011O219 എന്ന സാംഖ്യ റെസിപ്പ്റ്റിൽ 447188 എന്ന സ്റ്റേഷനറി നമ്പറിൽ തുക അടവാക്കുകയുണ്ടായി. എന്നാൽ 29.11.19 ലെ ക്യാൻസൽഡ് റെസിപ്പ്റ്റ് റിപ്പോർട്ട് പ്രകാരം ടി റെസിപ്പ്റ്റ് പ്രിൻറർ ഫാൾട് സ്റ്റേഷനറി എന്ന രീതിയിൽ ക്യാൻസൽ ചെയ്തിരിക്കുന്നതായാണ് കാണുന്നത്. 18.12.19 ൽ ഇതേ സാംഖ്യ നമ്പറായ 119010110219, 4471980 എന്ന സ്റ്റേഷനറി നമ്പറിൽ പ്രിന്റ് ചെയ്ത് വരികയാണ് ഉണ്ടായത്. എന്നാൽ ഈ വിവരം 18.12.19 ലെ ക്യാൻസൽ റിപ്പോർട്ടിൽ പ്രതിപാദിച്ചതായി കാണുന്നില്ല.

അപൂർണ്ണമായ രീതിയിലുള്ള ക്യാൻസൽഡ് റെസിപ്പ്റ്റ് റിപ്പോർട്ട് ആണ് സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്നത്. ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ടിൽ കാൻസൽ ചെയ്ത എല്ലാ രസീതികളുടെയും നമ്പർ, തീയതി, കാരണം, തുക, സ്റ്റേഷനറി നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവ കൃത്യമായി രേഖപ്പെടുത്താതെയാണ് സൂക്ഷിച്ചിരിക്കുന്നത്. സ്റ്റേഷനറി നമ്പർ എന്നിടത്ത് “00” എന്ന രീതിയിലുള്ള രേഖപ്പെടുത്തലാണ് കാണുന്നത്.

മേൽ അപാകതകൾക്ക് കാരണം അറിയിക്കേണ്ടതും നിലവിൽ പഞ്ചായത്തിലെ ലോക്കൽ സാംഖ്യ സംവിധാനത്തിലെ സർവ്വറുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാങ്കേതികാവശ്യങ്ങൾക്കായി ആരൊക്കെ, എപ്പോഴൊക്കെ ലോഗ് ഇൻ ചെയ്ത് പ്രവേശിക്കുന്നു എന്നതിന്റെ വിവരങ്ങൾ അടങ്ങിയ മെഷീൻ ലോഗ് സൂക്ഷിക്കുന്നുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 23/ 14-09-2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സംഭവിച്ച അപാകത സാംഖ്യ സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക തകരാറു മൂലമാണെന്ന് തിരിച്ചറിഞ്ഞു ഐ. കെ. എം. ന് പരാതി നല്കിയിട്ടുള്ളതാണെന്നും നിലവിൽ സെർവറുമായി ബന്ധപ്പെട്ട മെഷീൻ ലോഗ് പരിപാലിച്ചു വരുന്നില്ലെന്നും ആയതു അടിയന്തിരമായി പരിപാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .

കംപ്യൂട്ടറൈസേഷനിലെ സുരക്ഷാ വീഴ്ചകൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രതിപാദിക്കുന്ന സർക്കുലർ നമ്പർ : 48544 /എബി- 1/13/ത.സ്വ.ഭ.വ. തീയതി : 22.4.2014 ലെ നടപടിക്രമങ്ങൾ സ്ഥാപനത്തിലെ ജീവനക്കാർ കൃത്യമായി പാലിച്ചു വരുന്നുണ്ടെന്ന് മേലധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12-2 കാൻസൽ ചെയ്ത അതേ സാംഖ്യ രസീത് സഞ്ചയയിൽ വസ്തുനികുതി അടവാക്കിയതായി പോസ്റ്റ് ചെയ്തിരിക്കുന്നു.

ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ടും സഞ്ചയ സോഫ്റ്റ്‌വെയറും ഒന്നിച്ചു പരിശോധിച്ചത് പ്രകാരം താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന, ഫ്രണ്ട് ഓഫിസിൽ ക്യാൻസൽ ചെയ്ത അതേ സാംഖ്യ രസീത് നമ്പർ സഞ്ചയയിൽ വസ്തുനികുതി അടവാക്കിയതായി പോസ്റ്റ് ചെയ്തിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | സാംഖ്യ രസീത് നമ്പർ | അടവാക്കിയ വരുടെ പേര് , കെട്ടിട നമ്പർ | ക്യാൻസൽ ചെയ്ത തുക |
|---|---|---|---|---|
| 1 . | 07.11.2019 | 119010109207 | മുഹമ്മദ് ആരിഫ് 6/254A | 3179/- |
| 2. | 15.04.2021 | 121010100148 | ഗോപി 14/339 A | 2834/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ: 8/10-09-2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നമ്പർ:1 ന്റെ സഞ്ചയയിലെ തെറ്റായി ചേർത്തിരിക്കുന്ന റസീപ്റ്റ് നമ്പർ ക്യാൻസൽ ചെയ്ത് തെറ്റ് പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ വിവരം അറിയിക്കേണ്ടതാണ്. ക്രമ നമ്പർ:2 സഞ്ചയയിൽ ക്യാൻസൽ ചെയ്തതായി അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വണ്ടിത്താവളങ്ങളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിന്, ചട്ടങ്ങൾക്ക് വിധേയമായി വണ്ടിത്താവളങ്ങൾ ഏർപ്പെടുത്താനും ഫീസ് ചുമത്താനും അധികാരം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി.

1) ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം എത്ര വണ്ടിത്താവളങ്ങൾ ഉണ്ട്?

2) ഓരോ വണ്ടിത്താവളങ്ങളിലും എത്ര വീതം വാഹനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ട്?

3) വണ്ടിത്താവളങ്ങളിൽ, 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ പ്രകാരം ഫീസുകൾ പിരിക്കുന്നുണ്ടോ? ആയത് കുത്തക അവകാശമായി ആർക്കെങ്കിലും നൽകിയിട്ടുണ്ടോ?

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 34/16.9.21) ലഭ്യമാക്കിയ മറുപടിയിൽ യാതൊരു വണ്ടിത്താവളങ്ങളും പ്രവർത്തിക്കുന്നില്ല എന്നാണ് വ്യക്തമാക്കിയത്. എന്നാൽ പഞ്ചായത്തിന് അഭിമുഖമായി ഒരു ഓട്ടോ/ടാക്സി വണ്ടിത്താവളം പ്രവർത്തിക്കുന്നുണ്ട്. എൻക്വയറിയുടെ മറുപടി പ്രകാരം ഈ വണ്ടിത്താവളം പഞ്ചായത്തിന്റെ അനുവാദം നേടാതെ ആണ് പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാണ്. മാത്രമല്ല 30.10.19 തിയ്യതിയിലെ ഭരണസമിതി തീരുമാനപ്രകാരം ഫയൽ നമ്പർ :- ബി2-7182/19 കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ കരിക്കാട് ഓട്ടോ പാർക്കിൽ നിന്നും ഷൺമുഖപുരം കോളനിയിലേയ്ക്ക് പോകുന്ന റോഡ് തകരാറിലായത് സംബന്ധിച്ച് കരിക്കാട് ഓട്ടോഡ്രൈവേഴ്സ് സമർപ്പിച്ച പരാതി

പരിഗണിച്ച് സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് എടുക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ടി പ്രവർത്തി നടപ്പിലാക്കുന്നതിനും MGNREGS അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തി യോഗം ഐക്യകണ്ഠേന അംഗീകരിച്ചത് തീരുമാനിച്ചിട്ടുണ്ട്.

വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് ചട്ടവ്യവസ്ഥകൾക്കുള്ളിൽ നിന്നാണെന്ന് പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

## 1-14-1 വ്യാപാര സംരംഭക ലൈസൻസ്

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2255 ൽ പരം കെട്ടിടങ്ങളാണ് നോൺ റെസിഡെൻഷ്യലിൽ ഉൾപ്പെടുന്നത്. എന്നാൽ 2019 -20 ൽ വ്യാപാരക സംരംഭക ലൈസൻസ് (FACTEOS) എടുത്തവരുടെ എണ്ണം 501 മാത്രമാണ്. 2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇരുപത് വാർഡുകളിലെയും മുഴവൻ സ്ഥാപനങ്ങളും ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയോ അല്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമത്തിലെ 205 ബി, 205 സി എന്നീ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയോ ചെയ്യേണ്ടതാണ്.

വിവരാവകാശ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

ആയതിന്റെ വിവരങ്ങൾ താഴെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | വിവരാവകാശ ഫയൽ നമ്പർ, തീയതി | പരാമർശം | നൽകിയ മറുപടി | ഓഡിറ്റ് അന്വേഷണം |
|---|---|---|---|---|
| 1. | ബി -2/ 950/20 30.01.20 | 9-ാം വാർഡിലുള്ള കേനോൺ ഗ്രാനൈറ്റ്സ് കമ്പനിക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടോ | ഇല്ല | നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തിയതിന്റെയും പിഴ ഈടാക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണ് . |
| 2. | ബി -2/ 484/20 16.01.20 | 7 -ാം വാർഡിലുള്ള ഫിഷ് ലൈവ് എന്ന സ്ഥാപനത്തിന് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടോ | ഇല്ല | നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തിയതിന്റെയും പിഴ ഈടാക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണ് . |

| | | | | |
|---|---|---|---|---|
| | | | | |
| 3. | ബി 2 / 3855 / 19<br>2.7.19 | 6/ 555 കെട്ടിടത്തിലെ കോഴി-മാംസക്കച്ചവടം നടത്തുന്ന സ്ഥാപനത്തിന് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടോ | ഇല്ല | നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തിയതിന്റെയും പിഴ ഈടാക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണ് . |
| 4. | ബി 2 / 3359 / 19<br>14.6.19 | എസ്.എസ്. ഹൈ ടെക് ഫുഡ് ആൻഡ് മെഷിനറി എന്ന സ്ഥാപനത്തിന് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടോ | ഇല്ല | നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തിയതിന്റെയും പിഴ ഈടാക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണ് . |

മെഷീനറി റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല

വ്യാപാര സംരംഭക ലൈസൻസ് അപേക്ഷകൾ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ പ്രവർത്തനത്തിന് അടവാക്കേണ്ട മെഷീനറി റണ്ണിങ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. മാത്രമല്ല ലൈസൻസിനായി അപേക്ഷകൻ നൽകിയിട്ടുള്ള അപേക്ഷയിൽ യന്ത്രത്തിന്റെ കുതിരശക്തി ചേർത്തിട്ടുണ്ടെങ്കിലും ഹെൽത്ത് ഇൻസ്പെക്ടർ സ്ഥാപനത്തിൽ പരിശോധന നടത്തി നൽകിയിട്ടുള്ള സാനിറ്ററി സർട്ടിഫിക്കറ്റിൽ പ്രസ്തുത കോളം (യന്ത്രത്തിന്റെ കുതിരശക്തി) ബ്ലാങ്ക് ആയാണ് ചേർത്തിരിക്കുന്നത്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ ചേർത്തിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | സാനിറ്ററി സർട്ടിഫിക്കറ്റിൽ ചേർത്തിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | മെഷീൻ റണ്ണിങ് ഫീസ് ഈടാക്കിയതിന്റെ വിവരം |
|---|---|---|---|---|
| 2019-20<br>1. | ടി.സി.ശിവരാമ കൃഷ്ണൻ (10 / 144 (A)) | 4 HP | - | ഈടാക്കിയിട്ടില്ല |
| 2. | റിലേറ്റീവ് ഇൻഡസ്ട്രീസ് | 10 HP | - | ഈടാക്കിയിട്ടില്ല |
| 3. | പത്തിരി കമ്പിനി ആൻഡ് ഫ്ളവർ മിൽ (6/324) | 20 HP | - | ഈടാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 4. | സെന്റർ റൈസ് മിൽ (20/188) | 10 HP | - | ഈടാക്കിയിട്ടില്ല |
| 5. | സൂപ്പർ പ്ലേറ്റ് | 9.5 HP | സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ:35/16.9.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14-2 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു

2019-20 സംരംഭക ലൈസൻസ് രജിസ്റ്ററും സഞ്ചയയും ഒന്നിച്ചു പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ ആണെന്ന് കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് നമ്പർ | സ്ഥാപനത്തിന്റെ പേര് , മറ്റു വിവരങ്ങൾ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഗണം |
|---|---|---|---|---|
| 1. | 4 / 272 | 67 | ഐസ് കമ്പനി സ്റ്റോക്യാപ് | പാർപ്പിടാവശ്യം |
| 2 . | 6 / 282B | 50 | ഫിഷ് മാർക്കറ്റ് | ബിൽഡിങ് നോട് ഫൗണ്ട് |
| 3. | 8 / 457 | - | ന്യൂ റാബിയ സ്റ്റോഴ്സ് | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| 4. | 13 / 365 | 9 | കോഴി, മൽസ്യം വിൽപ്പനക്ക് | പാർപ്പിടാവശ്യം |
| 5. | 15 / 48 ഡി | 139 | തുണി കച്ചവടം | ബിൽഡിങ് നോട് ഫൗണ്ട് |
| 6. | 15 / 162 | 62 | ശ്രീ ശക്തി ആയുർവേദ് | പാർപ്പിടാവശ്യം |
| 7. | 15 / 521 | 86 | പെട്രോൾ പമ്പ് | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/14.9.21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എൻക്വയറിയിൽ സൂചിപ്പിച്ച കെട്ടിടങ്ങളെ സംബന്ധിച്ച വിവരമല്ല മറുപടിയിൽ നൽകിയിരിക്കുന്നത് എന്നതിനാൽ തൃപ്തികരമല്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തിയോ അല്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമം 205 ബി പ്രകാരം നോട്ടീസ് നൽകിയോ അനധികൃതമായി പ്രവൃത്തിക്കുന്നവക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമായിരിക്കേണ്ടതായുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യുപൻസി ഉറപ്പാക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങളിൽ വ്യാപാരങ്ങൾക്കോ വ്യവസായങ്ങൾക്കോ ലൈസൻസ് നൽകാവുന്നതല്ല.

## 1-14-3 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 11 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ:35/16.9.21) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14-4 ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2017-ലെ കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസിനെ തുടർന്ന് കേരള സംസ്ഥാനത്ത് 2018- ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (രണ്ടാംനമ്പർ) ആക്ട് 2017 ഒക്ടോബർ 20-ആം തീയതി പ്രാബല്യത്തിൽ വരികയുണ്ടായി.
2018 നിയമവ്യവസ്ഥ പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232,233, 233എ എന്നീ വകുപ്പുകൾക്ക് ചില ഭേദഗതികൾ അംഗീകരിച്ചിട്ടുള്ളതാണ്.
മേൽ വിവരിച്ച നിയമഭേദഗതികളെ തുടർന്ന് 1996- ലെ കേരള പഞ്ചായത്ത് രാജ് ( Issue Of Licence To Dangerous And Offensive Trades And Factories) Rules 1996 ന് 2017-ൽ ഭേദഗതി വരുത്തുകയും പ്രസ്തുത ചട്ടങ്ങളെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories, Trades, Entrepreneurship And Other Services) എന്നാക്കി പുനർനാമകരണം ചെയ്തിട്ടുള്ളതുമാണ്. .
1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233 എന്നീ വകുപ്പുകൾ പ്രകാരം ചട്ടത്തിൽ പ്രത്യേകം ഒഴിവാക്കിയിട്ടില്ലാത്ത പക്ഷം യാതൊരു കാര്യത്തിലും പഞ്ചായത്ത് പ്രദേശത്തെ സ്ഥലം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ ഉപയോഗപ്പെടുത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.
എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 7 ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ലാത്തതാണ്.
ഫീൽഡ് പരിശോധന ശക്തമാക്കി അനധികൃതമായി പ്രവർത്തിച്ച വരുന്ന മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:35/16.9.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1.വ്യാപാര സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | അൽതാഫ് സോമിൽ (X/157) | 5 |
| 2. | അജാസ് ഓഡിയോസ്(19/ 56എ) | 5 |
| 3. | സോളാർ ബേക്കറി കൂൾബാർ | 9 |
| 4. | ടിക് ടാക് റെസ്റ്റ്റന്റ് | 9 |
| 5. | രുചി കാറ്ററിംഗ് സർവീസ് | 12 |
| 6. | ഹൈ റേഞ്ച് (4/271) | 44 |
| 7. | ഖയാം പെട്രോളിയം (14/793 ) | 15 |
| 8. | സി.പി.മാണി ആൻഡ് ബ്രദേഴ്സ് (15 / 721 ) | 9 |
| 9. | പെർഫെക്റ്റ് ഹോളോബ്രിക്സ്(10/306) | 5 |
| 10. | സിബ്രാ ഹോട്ടൽ (16/283,284,285,286,287) | 5 |
| 11. | ഫ്രണ്ട്സ് വെജിറ്റബിൾസ് (15/720 E) | 6 |
| 12. | തലശ്ശേരി റസ്റ്ററന്റ് ആൻഡ് കൂൾബാർ ബേക്കറി (14/765,766) | 9 |
| 13. | അൽസാക്കി ഹോട്ടൽ (6/325) | 12 |
| 14. | റെഡ് സ്റ്റാർ പോളി പ്രോഡക്ട്സ് (15/434) | 6 |
| 15. | വോർക് ആർക്കിടെക്ട്സ് ആൻഡ് ഇന്റീരിയേഴ്സ് (6/263) | 5 |
| 16. | ഗാർഡൻ വ്യൂ റസ്റ്റോറന്റ് (3/480/B) | 12 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.കരാറുകാരിൽ നിന്നും നികുതി ഈടാക്കാത്തത്

അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2019-20 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .
പ്രസ്തുത വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1. | പി.എൻ.വിജയൻ |
| 2. | എ.ബി. ബിനേഷ് |
| 3. | വിഷ്ണു എം.വി. |
| 4. | അഷറഫ് കെ.കെ. |
| 5. | സുബ്രമണ്യൻ എം.പി. |
| 6. | വിപിൻ പി.എൻ. |
| 7. | എം.കെ മോഹനൻ |
| 8. | ഇ.വി. സജീവൻ |
| 9. | നാരായണൻ ടി. |
| 10. | ബാബു പി.കെ. |
| 11. | നന്ദനൻ എം. |
| 12. | പി. മോഹനൻ |
| 13. | കെ.സുനിൽകുമാർ |
| 14. | കെ.രാജൻ |
| 15. | എസ്. സുരേന്ദ്രൻ |
| 16. | പദ്മനാഭൻ കെ. |
| 17. | പി.എൻ. വിജയൻ |
| 18. | മനാഫ്.ഇ.വി. |

3.ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 11 റേഷൻ കടകൾ, 5കള്ളുഷാപ്പുകൾ, 7 ഓഡിറ്റോറിയങ്ങൾ എന്നിവയിലെ

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 ലേലം നടത്തിയ വിവരം അറിയിക്കേണ്ടതാണ്

2019 -20 വർഷത്തിൽ ലേലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന തീയതികളിൽ ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട് . എന്നാൽ ആയതിൽ ലേല നടപടികൾ നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | തീയതി | യോഗതീരുമാനം |
|---|---|---|
| 1. | 28.3.19 | 1(2) പ്രകാരം കോട്ടോർ എപ്പനിയിൽ കോളനി ഡവലപ്മെന്റ് -162.99 എം$^3$ മണ്ണ് ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. |
| 2. | 30.9.19 | 6(1) പ്രകാരം വട്ടമാവ് മൃഗാശുപത്രി കോമ്പൗണ്ടിൽ മരം മുറിച്ചത് ( ചെലവ് 17,000) ലേലം നടത്തിയ വിവരം അറിയിക്കേണ്ടതാണ് |
| 3. | 28.10.19 | 7 (1 ) പ്രകാരം കുടിവെള്ള ടാങ്ക് പൊളിച്ച് മാറ്റിയ ചെലവ് 12,000 സ്ക്രാപ്പ് ലേലം നടത്തിയ വിവരം അറിയിക്കേണ്ടതാണ് |
| 4. | 28.10.19 | 7 (1 ) പ്രകാരം അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചതിന്റെ ലേലം നടത്തിയ വിവരം അറിയിക്കേണ്ടതാണ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/17.9.21) മറുപടി ലഭ്യമായിട്ടില്ല. ഈ അപാകതക്ക് (നാളിതുവരെ ലേല നടപടികൾ സ്വീകരിക്കാത്തതിൽ) മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 പെർമിറ്റ് അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ബിൽഡിങ് പെർമിറ്റിന് 2.7.19 ന് അനുമതി കൊടുത്ത ബി1 -9298/18 നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ചില കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

അപേക്ഷ തീയതി : 15.11.18

ഗണം : ഗ്രൂപ് F (അടിത്തറ വിസ്തീർണ്ണം - 12,482.39 ച.മീ.) ,

ഗ്രൂപ് D (അടിത്തറ വിസ്തീർണ്ണം - 3597.52 ച.മീ.)

പ്ലോട്ട് ഏരിയ : 6792 ച.മീ. (സർവ്വേ നമ്പർ : 290/6,290/5,290/3)

ഓഡിറ്റ് അന്വേഷണം

1. ടി നിർമ്മാണത്തിന് 6792 ച.മീ. സ്ഥലത്ത് അനുമതി ലഭ്യമാക്കി നിർമ്മിച്ച 5371.08 ച.മീ. നിർമ്മാണത്തോടനുബന്ധിച് 12558.93 ച.മീ. കമേഴ്സ്യൽ കെട്ടിടവും 3617.07 ച.മീ. അസംബ്ലി കെട്ടിടവും ലേ-ഔട്ട് അംഗീകാരവും സ്ഥലത്തിന് മേൽ പടി അംഗീകാരവും നേടിയിരിക്കുന്നത് ജില്ലാ ടൗൺ പ്ലാനറുടെ 7.11.18 തീയതിയിൽ സി 1 -2432 / 2018/ഡിസ് നമ്പർ ഉത്തരവ് പ്രകാരമാണ്. എന്നാൽ ഗ്രൂപ് F ഗണമായ കെട്ടിടത്തിന് 10,000 ച.മീ ൽ കൂടുതൽ വിസ്തീർണമുള്ളതിനാൽ അംഗീകാരം തേടേണ്ട അധികാരി മുഖ്യ ടൗൺ പ്ലാനറാണ്. ഇത്തരത്തിലുള്ള അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.
2. പ്ലാൻ പ്രകാരം ടി കെട്ടിടത്തിന് 2 നില ബേസ്മെന്റ് ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 12 പ്രകാരം 1.5 മീറ്ററിൽ കൂടുതൽ ആഴത്തിലുള്ള ഉത്ഖനനം ഉൾക്കൊള്ളുന്ന സൈറ്റുകളുടെയും പ്ലാനുകളുടേയും അംഗീകാരവും പെർമിറ്റ് അനുവദിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് നേടാതെ പ്രസ്തുത പ്ലോട്ടിൽ ബിൽഡിങ് പെർമിറ്റ് അനുവദിക്കാനുണ്ടായ കാരണം ലഭ്യമാക്കേണ്ടതാണ്.
3. നോട്ട് ഫയലിൽ ഓവർസിയർ ചേർത്തിരിക്കുന്ന അളവുകൾ താഴെ ചേർക്കുന്നു. ആയതിന് അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം കൊടുത്തിട്ടുണ്ട് .

കമേഴ്സ്യൽ കെട്ടിടം

| Floor | Plinth Area | Floor Area | Carpet Area |
|---|---|---|---|
| Base2 | 1926.23 | 119.13 | 95.31 |
| Base1 | 2812.98 | 409.28 | 327.42 |
| Ground Floor | 2707.81 | 2581.0 | 2064.8 |
| First Floor | 2506.73 | 2375.25 | 1900.19 |
| Second Floor | 1207.96 | 1190.28 | 952.22 |
| Third Floor | 584.44 | 1327.45 | 1061.96 |
| Fourth Floor | 615.85 | 550.14 | 440.11 |
| Terrace | 120.39 | 117.43 | 93.94 |
| Total | 12482.39 | 8669.96 | 6935.97 |

അസംബ്ലി കെട്ടിടം

| Floor | Plinth Area | Floor Area | Carpet Area |
|---|---|---|---|

| | | | |
|---|---|---|---|
| Second Floor | 1376.63 | 1254.12 | 1003.29 |
| Third Floor | 1367.72 | 615.88 | 492.70 |
| Fourth Floor | 853.17 | 827.05 | 661.64 |
| Total | 3597.52 | 2697.05 | 2157.64 |

Weighted Average Calculation For Coverage

(35+60) – (2812.98*60) + (1376.63*35) = 43.21%

4189.61

Provided 2812.98/6792*100= 41.42%

Weighted Average Calculation For FAR

(.7+2.75)-(2697.05*.7+8669.96*2.75) = 1.1864

11367.00

Excess FAR= .4872

A. മേൽ വിവരത്തിൽ കമേഴ്സ്യൽ കെട്ടിടത്തിന്റെ 3-ാം നിലയുടെ അടിത്തറ വിസ്തീർണ്ണം പ്രസ്തുത നിലയുടെ തറവിസ്തീർണ്ണത്തേക്കാൾ കുറവായാണ് കാണുന്നത്. ആയതിനു വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ് .

B. കെ.പി.ബി. ആർ. ചട്ടം 35 (2)iii പ്രകാരം A1,A2,D,E,F ഒക്യൂപൻസിയിലെ ഒന്നിൽ കൂടുതൽ ഒക്യൂ പെൻസികൾ ഉൾക്കൊള്ളുന്ന കെട്ടിടം/ സമുച്ചയം 5 ഹെക്ടർ വരെ പ്ലോട്ട് വിസ്തീർണ്ണം ഉണ്ടെങ്കിൽ F.A.R, കവറേജ് എന്നിവ ഏറ്റവും നിയന്ത്രിത ഒക്യൂപെൻസിയുടേതായിരിക്കുന്നതാണ്.

ചട്ടത്തിൽ Weighted Average Calculation Of Coverage-ഉം Weighted Average Calculation Of FAR-ഉം കണക്കാക്കുന്ന Formula-യുടെ അഭാവത്തിൽ മേൽ വിവരിച്ച പ്രകാരം കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ് .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 53/17.09.21) മറുപടി ലഭ്യമായിട്ടില്ല.

## 1-18 പൊതുടാപ്പ് സേവനം - സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം

ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും 2019-20 വർഷത്തിൽ പൊതുടാപ്പ് സേവനം നൽകുന്ന ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം തുക വാട്ടർഅതോറിറ്റി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 21900093/26.04.19 | 134313 |
| 21900209/28.05.19 | 134313 |
| 21900302/24.06.19 | 134313 |
| 21900452/17.07.19 | 134313 |
| 21900584/17.09.19 | 134313 |
| 21900700/28.10.19 | 134313 |
| 21900889/05.12.19 | 134313 |
| 21900943/24.12.19 | 134313 |
| 21901099/30.01.20 | 134313 |
| 21901170/10.02.20 | 134313 |
| 21901245/22.02.20 | 134313 |
| 21901368/29.03.20 | 134313 |
| ആകെ | 1611756 |

2019-20 ൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഇനത്തിലെ ആകെ പിരിവ് 5438159 രൂപയാണ്. വസ്തുനികുതി ഇനത്തിലെ ആകെ പിരിവിന്റെ 48.82%ൽ കൂടുതൽ തുക സ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. അതിനു പുറമെ മേൽ വിവരിച്ച പ്രകാരം ആകെ പിരിവിന്റെ 29.64%ൽ കൂടുതൽ പൊതുടാപ്പ് സേവനം നൽകുന്ന ആവശ്യത്തിലേക്കായും ചെലവഴിച്ചിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് പൊതുടാപ്പ് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്തുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പൊതുടാപ്പ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.
(ഓഡിറ്റ് എൻക്വയറി നം. 27/14.09.21)

## 1-19 സ്ട്രീറ്റ് ലൈറ്റ് സേവനം - സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണം

ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും 2019-20 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് ആവശ്യത്തിലേക്കായി താഴെപറയും പ്രകാരം തുക കെ.എസ്.ഇ.ബി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 21900033/06.04.19 | 220247 |
| 21900139/06.05.19 | 216076 |
| 21900259/07.06.19 | 209695 |
| 21900366/04.07.19 | 209640 |
| 21900513/07.08.19 | 229879 |
| 21900632/11.10.19 | 227196 |
| 21900758/21.11.19 | 33128 |
| 21900759/21.11.19 | 187749 |
| 21900908/18.12.19 | 221161 |
| 21901013/10.01.20 | 222161 |
| 21901062/21.01.20 | 226396 |
| 21901197/12.02.20 | 223905 |
| 21901295/28.03.20 | 228309 |
| ആകെ | 2655542 |

2019-20 ൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഇനത്തിലെ ആകെ പിരിവ് 54.38 ലക്ഷത്തോളം രൂപയാണ്. അതായത്, വസ്തുനികുതി ഇനത്തിലെ ആകെ പിരിവിന്റെ 48.82%ൽ കൂടുതൽ തുക സ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് സ്ട്രീറ്റ് ലൈറ്റിന്റെ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ

ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതാണ് എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സ്ട്രീറ്റ് ലൈറ്റ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം. 26/14.09.21)

## 1-20 ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഉചിതമെന്ന് കരുതുന്ന പക്ഷം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം. 01/08.09.21)

## 1-21 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ ഭരണസമിതി തീരുമാനം സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2004 ലെ കേരള പഞ്ചായത്ത് രാജ് ( പൗരാവകാശരേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, പഞ്ചായത്ത് ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 2019-20 വർഷത്തിൽ ഇപ്രകാരം പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയിട്ടുണ്ടെങ്കിൽ വിവരം ( ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 2/08.09.21) പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഭരണസമിതി തീരുമാനം ലഭ്യമാക്കുകയുണ്ടായില്ല. ഓഡിറ്റ് വർഷം ISO സർട്ടിഫിക്കേഷന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത്, അതിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച ഭരണസമിതി തീരുമാനം ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് പുതുക്കുന്നതിന് മുൻപും, ശേഷവും പഞ്ചായത്ത് നൽകുന്ന സേവനങ്ങളിലെ സമയദൈർഘ്യം ISO സർട്ടിഫിക്കേഷന്റെ ഭാഗമായി മെച്ചപ്പെട്ടിട്ടുണ്ടോ എന്ന താരതമ്യം സാധ്യമായില്ല. അതുകൊണ്ടുതന്നെ ഓഡിറ്റ് വർഷം പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കുന്നതോടൊപ്പം, പുതുക്കിയ പൗരാവകാശരേഖ പഞ്ചായത്ത് നൽകുന്ന സേവനങ്ങളിലെ സമയദൈർഘ്യത്തെ എപ്രകാരമാണ് സ്വാധീനിച്ചിട്ടുള്ളത് എന്ന് (തൊട്ട് മുൻവർഷത്തെ അപേക്ഷിച്ച്) താരതമ്യപ്പെടുത്തി വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-22 അസറ്റ് മാനേജ്മെന്റ് മാന്വൽ - നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 24 തീ. 14.09.21) നൽകിയിരുന്നെങ്കിലും എഞ്ചിനീയർ (സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല) മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ലഭ്യമാക്കിയ മറുപടി പ്രകാരം ഉന്നയിക്കപ്പെട്ട ആദ്യ മൂന്ന് ചോദ്യങ്ങൾക്കും "അറിയില്ല" എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി

ബന്ധപ്പെട്ട് 2019-20 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(II) 13.01.20 ലെ ഭരണസമിതി തീരുമാനം 15(1) അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ പതിനാറാം വാർഡിലെ കോലടികുന്ന് റോഡ് സഞ്ചാരയോഗ്യമാക്കുന്നത് സംബന്ധിച്ച പരിസരവാസികളുടെ അപേക്ഷ പരിഗണിച്ച് ടി റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി താലൂക്ക് സർവേയർക്ക് കത്ത് നൽകുന്നതിന് നിശ്ചയിച്ചിരുന്നു. തുടർവിവരം ലഭ്യമല്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-23 വ്യക്തമായ അസറ്റ് മാനേജ്മെന്റ് പ്ലാനിന്റെ അഭാവം - പദ്ധതികൾ ലക്ഷ്യം നേടാതെ അവസാനിക്കുന്നു.

ഗ്രാമ പഞ്ചായത്ത് 2019-20 ൽ നടപ്പാക്കിയ വനിതാതൊഴിൽ പരിശീലനകേന്ദ്രം പ്രോജക്ടിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നംപർ | 238/20 |
| പ്രൊജക്ട് | വനിതാ തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിക്കൽ |
| സാങ്കേതികാനുമതി | 105078/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/137809 Dtd. 15.12.18 |
| സാങ്കേതികാനുമതി തുക | 14,12,500 രൂപ |
| കരാറുകാരൻ | ശ്രീ. എ.ബി.ബിനീഷ് |
| കരാർ നിരക്ക് | 13,22,500.97 രൂപ |
| കരാർ ഉടമ്പടി | 77/AE/LSGD/KDR/18-19 Dtd. 02.02.19 |
| എം.ബുക്ക് | 8/17-18, 11/17-18 |
| ചെക്ക് നംപർ, തുക | SBI- 743432/30.09.19 = 809247 (തനത് ഫണ്ട്) - കരാറുകാരന് നൽകിയത്<br>KSCB- 85958/06.01.20 = 29820 (തനത് ഫണ്ട് - റിടെൻഷൻ തുക)- കരാറുകാരന് നൽകിയത് |

99.7 ച.മീ വിസ്തീർണ്ണത്തിൽ 2 നിലകളായി വിഭാവനം ചെയ്ത ഈ നിർമ്മാണ പ്രവർത്തനത്തിന് 2018-19 ൽ 14,12,500 രൂപ വികസന ഫണ്ടായിരുന്ന വകയിരുത്തിയിരുന്നത്. എന്നാൽ 2018-19 ൽ പാർട്ട് ബിൽ ഇനത്തിൽ ആകെ 2,98,201 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ശേഷം 2019-20 ൽ സ്പിൽ ഓവറായി നടപ്പാക്കിയപ്പോൾ അടങ്കൽ തുക വികസനഫണ്ടിന് പകരം തനതുഫണ്ടായി വകയിരുത്തുകയും ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഈ നിർമ്മാണപ്രവർത്തനത്തിനായി ഗ്രാമ പഞ്ചായത്ത് ആകെ 11,41,168 ( 298201 + 842967 ) രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ ഇലക്ട്രിഫിക്കേഷന് ഈ നിർമ്മാണ പ്രവർത്തനത്തിൽ തുക വകയിരുത്തിയിട്ടുണ്ടായിരുന്നില്ല. ഇത് സംബന്ധിച്ച് ഉന്നയിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/13.09.21) ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. കെട്ടിടത്തിൽ ഏതെങ്കിലും തരത്തിലുള്ള വനിതാ തൊഴിൽ പരിശീലനകേന്ദ്രം സംഘടിപ്പിക്കപെടുന്നുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 10/13.09.21) ലഭ്യമാക്കിയ മറുപടി "ഇല്ല" എന്നതാണ്. 11.5 ലക്ഷത്തോളം രൂപ കെട്ടിടനിർമ്മാണത്തിനും തുടർന്ന് ഇലക്ട്രിഫിക്കേഷനും ( എത്ര തുക, ഏത് പ്രോജക്ട് പ്രകാരം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല) ചെലവിട്ടിട്ടും വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിന്റെ പ്രവർത്തനം ഓഡിറ്റ് സമയം വരെയും യാഥാർത്ഥ്യമായിട്ടില്ല. 2021-22 ൽ ഫർണീച്ചർ വാങ്ങുന്നതിനായി സെക്രട്ടറി പ്രോജക്ട് വെച്ചിട്ടുണ്ട് എന്നും അറിയിക്കുകയുണ്ടായി. എന്നാൽ വനിതകൾക്ക് തൊഴിൽ പരിശീലനം ലക്ഷ്യമിടുന്ന ഏതെങ്കിലും പ്രോജക്ട് വിഭാവനം ചെയ്തതായി അറിയിച്ചിട്ടില്ല. ഈ വിഷയം പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ തുടർപ്രവർത്തനം ഉണ്ടാകും എന്നാണ് അറിയിച്ചിട്ടുള്ളത്.

പദ്ധതികൾ ഇപ്രകാരം ലക്ഷ്യം നേടാതെ പോകുന്നത് ഒഴിവാക്കാൻ അസറ്റ് മാനേജ്മെന്റ് മാന്വൽ വ്യവസ്ഥകൾ പ്രകാരം കൃത്യമായ അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാൻ തുടർ നടപടി ഉണ്ടാകേണ്ടതുണ്ട്.

## 1-24 ജില്ലാ പഞ്ചായത്ത് വിഹിതം തിരിച്ചടവ് - അക്കൗണ്ടിലില്ലാത്ത തുക തിരിച്ചടച്ചു.

2018- 19 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ലഭിച്ച തുകകളിൽ ചെലവ് കഴിച്ചുള്ള നീക്കിയിരിപ്പ് തുക താഴെ പറയും പ്രകാരമാണ്.

| ഹെഡ്ഡ് | ഇനം | തുക |
|---|---|---|
| 320700105 | Cotribution For Joint Venture Project ( Capital Expenditure)- Dist. Pt | 503 |
| 320700205 | Cotribution For Joint Venture Project ( Revenue Expenditure)- Dist. Pt | 989 |

മേൽ പ്രകാരമുള്ള തുകകൾ തന്നെയാണ് 2019-20 സാമ്പത്തിക വർഷത്തിലും ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2019-20വർഷത്തിൽ സെക്രട്ടറിയുടെ ബി 2-125/20 തിയതി. 17.3.20 ഉത്തരവിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം . 21901345/ 29.3.20 പ്രകാരം 585375 രൂപ 3604-00-911-99- ROP എന്ന ഹെഡ്ഡിലേക്ക് ROP ആയി തിരിച്ചടവാക്കിയതായി കാണുന്നു.

ROP ആയി തിരിച്ചടവാക്കിയ 585375 രൂപ താഴെപ്പറയും പ്രകാരം വിവിധ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചതിൽ നീക്കിയിരിപ്പുള്ള തുകയാണെന്ന് സെക്രട്ടറിയുടെ മേൽ ഉത്തരവിൽ പറയുന്നു.

| വർഷം | പദ്ധതിയുടെ പേര് | ജില്ലാപഞ്ചായത്ത് അനുവദിച്ച വിഹിതം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2015-16 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം | 2500000 | 2080000 | 420000 |
| 2016-17 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 | 74025 | 975 |
| 2017-18 | പരിരക്ഷ സാന്ത്വന പരിചരണം | 200000 | 35600 | 164400 |

ജില്ലാ പഞ്ചായത്ത് വിഹിതമായി മേൽ രണ്ട് ഹെഡ്ഡുകളിലും 1492 രൂപ മാത്രം നീക്കിയിരിപ്പുള്ളപ്പോൾ 585375 രൂപ ROP ആയി തിരിച്ചടവാക്കാനുണ്ടായ കാരണവും സാഹചര്യവും വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി ( എൻക്വയറി നം 4/9.9.21 ) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അക്കൗണ്ടിലില്ലാത്ത തുക തിരിച്ചടയ്ക്കുവാനുണ്ടായ സാഹചര്യത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 2018-19 വർഷത്തെ അങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തി - തൻവർഷത്തെ വികസനഫണ്ടിൽ നിന്ന് തുക നഷ്ടമായി

2018-19 സാമ്പത്തിക വർഷം മുതൽ അങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്റ്റ് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ, 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ച് കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം -1പ്രകാരം കടവല്ലൂർ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹744600 /രൂപയും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം -1പ്രകാരം കടവല്ലൂർ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ രണ്ടാം പകുതിയിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹744600/- യും നിർദ്ദേശിച്ചിരുന്നതാണ്. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ മേൽ നിർദ്ദേശ പ്രകാരം തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാൽ 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 പ്രകാരം കടവല്ലൂർ ഗ്രാമ പഞ്ചായത്ത് അങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടുന്ന തുകയായ ₹14,89,200/-രൂപ 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതുമാണ്.

സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ വികസനാവശ്യത്തിന് 2019-20 ൽ ലഭ്യമാകേണ്ട

തുകയിൽ ഇത് കാരണം കുറവുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഭരണ പരമായ കാര്യങ്ങളിലെ ശ്രദ്ധക്കുറവ് മൂലം ജനങ്ങളുടെ വികസനാവശ്യത്തിനായി ചെലവഴിക്കേണ്ടുന്ന പദ്ധതി പണം ഇപ്രകാരം നഷ്ടപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി (21/14.9.21) നൽകിയതിന് മറുപടി ലഭ്യമാക്കുകയുമുണ്ടായില്ല . മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം.

കടവല്ലൂർ പഞ്ചായത്തിൽ നിലവിൽ മുപ്പത്തിനാല് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 536 കുട്ടികളുമുണ്ട് (ബയോമെട്രിക്ക് ഐഡന്റിഫിക്കേഷൻ പ്രകാരം). ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് ഇരുപത്തിയെട്ടെണ്ണത്തിനാണ്. വാടക കെട്ടിടത്തിൽ മൂന്നെണ്ണം പ്രവർത്തിക്കുന്നു. ഓരോന്ന് വീതം സ്കൂൾ കെട്ടിടത്തിലും, ക്ലബ്ബിന്റെ കെട്ടിടത്തിലും, സ്വകാര്യ വ്യക്തിയുടെ സ്ഥലത്തും പ്രവർത്തിക്കുന്നു. പതിമൂന്നെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, ശൗച്യാലയങ്ങളും എൽ.പി.ജി.കണക്ഷനുമുണ്ട്. മുപ്പത്തിരണ്ടെണ്ണത്തിന് വാട്ടർ കണക്ഷനുണ്ട്. ബാക്കിയെല്ലായിടത്തും കിണർ വെള്ളം ഉപയോഗിക്കുന്നു.

പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണെങ്കിലും ബേബി ഫ്രണ്ടിലിയായ ഒരെണ്ണം പോലുമില്ലെന്നത് പോരായ്മയാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും പ്രദാനം ചെയ്ത് ബാല സൗഹൃദ അംഗൻവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകാവുന്നതാണ്.

## 1-27 സംപൂർണ്ണ ഭവന പദ്ധതി -അപാകത

കടവല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും സംപൂർണ്ണ ഭവന പദ്ധതിക്ക് വേണ്ടി എടുത്തിട്ടുള്ള വായ്പ്പയുടെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ -10042 ) നിന്നും 19-20വർഷത്തിൽ യഥാക്രമം 1,20,000 രൂപ പിൻവലിച്ച് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്

| നം. | പേര് | ചെക്ക് നം/തിയ്യതി | തുക |
|---|---|---|---|
| 1 | ഖദീജ | 84362/8.8.19 | 20,000 |
| 2 | സരോജിനി | 84362/8.8.19 | 20,000 |
| 3 | റജീന | 84362/8.8.19 | 20,000 |
| 4 | ചന്ദ്രൻ | 84362/8.8.19 | 20,000 |
| 5 | ഫാത്തിമ്മ | 84364/1.11.19 | 20,000 |
| 6 | രാജൻ | 84364/1.11.19 | 20,000 |
| | | ആകെ | 1,20,000 |

എന്നാൽ ടി വർഷങ്ങളിൽ വി.ഇ.ഓ. നടപ്പാക്കുന്നതിനായി ആസൂത്രണം ചെയ്ത മേൽപദ്ധതികളുടെ (പദ്ധതി നമ്പർ190/19-20) സുലേഖ പത്രിക പ്രകാരം 80,20,000 രൂപ വകയിരുത്തിയിട്ടുള്ളതായും, എന്നാൽ ചെലവ് ശൂന്യമാണെന്നും കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം വായ്പ്പ അനുവദിച്ച ബാങ്കിന് IFSC കോഡ് ഇല്ലാത്തതിനാൽ ഗുണഭോക്താവിനെ സാംഖ്യയിൽ റജിസ്റ്റർ ചെയ്യാനോ പ്രൊജക്ട് മാപ്പ് ചെയ്യാനോ സാധിക്കാത്തതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിച്ചതെന്നാണ് .

ഈ മറുപടി തൃപ്തികരമല്ല, പ്രത്യേകിച്ചും ടി വായ്പ്പയുടെ മുതലിലേക്കും, പലിശയിനത്തിലേക്കുമായി തനത് ഫണ്ടിൽ നിന്നും വർഷം തോറും 25 ലക്ഷം രൂപ അടവാക്കുന്നതിനാൽ വായ്പ്പയുടെ ബാദ്ധ്യതകൾ പഞ്ചായത്തിൽ തന്നെ നിക്ഷിപ്തമാണ്. ആയതിനാൽ വായ്പ്പാ വിതരണ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതായുണ്ട്. അതിനാവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതാണ്.

## 1-28 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കളുടെ വിവരങ്ങൾ ജിയോടാഗ് ചെയ്തിട്ടില്ല.

വി.ഇ.ഒ നടപ്പാക്കിയ വിവിധ ലൈഫ് ഭവന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമായി ജിയോടാഗ് ചെയ്തിട്ടില്ലായെന്ന ശ്രദ്ധയിൽപ്പെട്ടു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 19 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ജിയോടാഗ് ചെയ്തിട്ടില്ലായെന്നും നിലവിൽ ലൈഫ് ഭവന പദ്ധതിയുടെ എം.ഐ.എസിൽ ഉള്ള ഗുണഭോക്താക്കൾക്ക് മാത്രമേ ധനസഹായം നൽകുന്നതെന്നുമാണറിയിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിന്റെ തുടക്കത്തിലും പൂർത്തീകരണ ഘട്ടത്തിലും ജിയോടാഗിങ്ങ് ചെയ്യേണ്ടതാണ്. ഭവനം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മുമ്പിൽ നിന്നും എടുത്തിട്ടുള്ള ഫോട്ടോകൾ മൊബൈൽ ആപ്ലികേഷനിലൂടെ വേണം ജിയോടാഗിങ്ങ് ചെയ്യേണ്ടത്. ഫൗണ്ടേഷൻ പൂർത്തിയാകുന്നതിന് മുമ്പായി ആദ്യ ഫോട്ടോ എം.ഐ.എസിലേക്ക് നിർവ്വഹണോദ്യോഗസ്ഥൻ അപ്ലോഡ് ചെയ്യേണ്ടതാണ്. നിർവഹണം പൂർത്തിയാകുമ്പോൾ അന്തിമ ഗഡു നൽകുന്നതിന് മുമ്പായി പൂർത്തീകരിച്ച ഭവനത്തിന് മുന്നിൽ ഗുണഭോക്താവിനെ നിർത്തി ഒരിക്കൽ കൂടി ജിയോടാഗിങ്ങ് നടത്തേണ്ടതാണ്.

സ.ഉ (കൈ) നം. 137/2018/ത.സ്വ.ഭ.വ. തിയ്യതി. 24/9/18 പ്രകാരം ലൈഫ് മിഷൻ പദ്ധതിക്കായി ദേശീയ തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും സംയോജിച്ച് ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. എന്നാൽ അത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലായെന്നാണ് ടികാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സ.ഉ (എം.എസ്) നം. 83/13 ത.സ്വ.ഭ.വ തിയ്യതി 11-3-13 പ്രകാരം സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത് നടപ്പാക്കിയ സംപൂർണ്ണ ഭവന പദ്ധതി, ലൈഫ് വിവിധ ഘട്ടങ്ങൾ എന്നിവയിലായി ധാരാളം ഗുണഭോക്താക്കളുള്ള സാഹചര്യത്തിൽ ഭവന നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിന്റെ സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ് .

ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭൂരഹിതരായ 31ഭവന രഹിതർക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. 16-7-19 തിയ്യതിയിലെ സ.ഉ (എം.എസ്) നം.91/19 ത.സ്വ.ഭ.വ. പ്രകാരം ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭവന സമുച്ചയാധിഷ്ഠിത പുനരധിവാസത്തിന് മുൻഗണന നൽകേണ്ടതാണ്. ആവശ്യത്തിന് ഭൂമി ലഭ്യമല്ലായെന്നാണ് ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആവശ്യത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കപ്പെടേണ്ടതാണ്. ആയതിലേക്ക് പഞ്ചായത്ത്

ഭരണ സമിതിയുടെ ശ്രദ്ധയുണ്ടാവേണ്ടതാണ്.

## 1-29 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ -പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്ട് -പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ

മുൻവർഷ പ്രോജക്ട് -S233/19

മുൻവർഷ ചെലവ് -ട്രഷറി ബിൽനം -8/14-6-18 -160000

ട്രഷറി ബിൽനം-45/23-1-19 -160000

ട്രഷറി ബിൽനം-5/22-3-19 -320000

ആകെ -640000

തൻവർഷ പ്രോജക്ട് -SO 179/20

തൻവർഷചെലവ് -ട്രഷറി ബിൽനം-2/27-5-19 -160000 ( വൗച്ചർ നം .21900378/17.4.19)

ആകെ ചെലവ് -800000(640000+160000)

ഫണ്ട് -വികസനഫണ്ട് -

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ഭരണാനുമതി -1(1)/17-29-5-17

സാങ്കേതികാനുമതി -1589/സി.1/2012/എസ്എം/28-3-18

സാങ്കേതികാനുമതി തുക-80000(AS Per DSR 2016

എഗ്രിമെന്റ് നം/തീയതി -44/31-3-18

കടവല്ലൂർ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഖരമാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന് ഗ്രാമപഞ്ചായത്തിന്റെ 29-5-2017ലെ1(1)17 നംമ്പർ തീരുമാന പ്രകാരം ഭരണാനുമതി ലഭിക്കുകയും, സാങ്കേതികാനുമതിക്കായി ശുചിത്വമിഷന് സമർപ്പിക്കുകയും ചെയ്തു. ഈർപ്പം കുറഞ്ഞ ജൈവമാലിന്യങ്ങൾ ഇനോകുലം ഉപയോഗിച്ച് കമ്പോസ്റ്റാക്കി മാറ്റുന്നതിന് ഷെഡ്ഡ് സ്ഥാപിക്കൽ, മറ്റുജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് 2എം ക്യൂബ് ശേഷിയുള്ള എഫ്.ആർ.പി നിർമ്മിത പോർട്ടബിൾ ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ, ഓർഗാനിക് വേയ്സ്റ്റ്ഷ്റെഡിംഗ് മെഷീൻ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയാണ് പ്രോജക്ട് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ഇന്റഗ്രേറ്റഡ് റൂറൽടെക്നോളജി സെന്റർ( IRTC ) മുണ്ടൂർ, പാലക്കാട് മുഖേന നിർവഹണം നടത്തുന്നതിന് തീരുമാനിക്കുകയും, എസ്റ്റിമേറ്റിന്ശുചിത്വമിഷന്റെ 28-3-2018ലെ1589/സി.1/2012/എസ്എം നംപർ പ്രകാരം 800000 രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു.

ശുചിത്വമിഷൻ അംഗീകരിച്ച പ്രോജക്ട്എസ്റ്റിമേറ്റ് - വിശദാംശങ്ങൾ

| ക്രമനം | പ്രവൃത്തി | അംഗീകരിച്ച എസ്റ്റിമേറ്റ് തുക |
|---|---|---|
| 1. | ഷെഡ് നിർമ്മാണം | 304755.32 |
| 2. | ഇലക്ട്രിഫിക്കേഷൻ | 25000 |
| 3 | ഓർഗാനിക് വേയ്സ്റ്റ് ഷെറെഡിംഗ് മെഷീൻ | 326000 |
| 4. | ടൂൾസ്, എക്വിപ്മെന്റ്സ്, ട്രേ മുതലായവ (മാലിന്യശേഖരണത്തിനായി) | 40000 |
| 5 | 2എം ക്യൂബ് എഫ്.ആർ.പി നിർമ്മിത പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് (വാട്ടർജാക്കറ്റ് സഹിതം) | 21500 |
| | ടാക്സസ്, Unforseen | 82744.68 |
| | ആകെ | 800000 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും IRTC യും തമ്മിൽ 31-3-2018ൽ ചമച്ച 44ാം നമ്പർ ധാരണാപത്രത്തിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. മൊത്തം അടങ്കൽ തുക പഞ്ചായത്ത് 5 ഗഡുക്കളായി IRTC ക്ക് നൽകുന്നതാണ്. അടങ്കൽ തുകയുടെ 20% അഡ്വാൻസ് ആയി നൽകുന്നതും (160000) ആയതിന്റെ 90% (144000 ) വിനിയോഗിച്ച സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് അടുത്ത ഗഡു 20%(160000) നൽകേണ്ടതുമാണ്.

2.പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ടി അഡ്വാൻസും തുടർന്നുള്ള ഗഡുക്കളും കൈപ്പറ്റിയ തീയതി മുതൽ പരമാവധി 6 മാസത്തെ സമയപരിധി IRTC യുവിന് അനുവദിക്കുന്നതാണ്.

3. പദ്ധതിക്കാവശ്യമായ വെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങൾ പഞ്ചായത്ത് ഒരുക്കേണ്ടതാണ്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ വിനിയോഗസർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ 800000 രൂപ ഏജൻസിക്ക്

നൽകിയിട്ടുണ്ട്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(പദ്ധതിക്ക് ശുചിത്വമിഷൻ അംഗീകാരം നൽകിയിരിക്കുന്നത് ചില നിബന്ധനകൾക്കു വിധേയമായാണ്)

1.കേരള സംസ്ഥാന മലിനീകരണ ബോർഡിന്റെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായാണ് ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കേണ്ടത്.

എന്നാൽ കേരള സംസ്ഥാന മലിനീകരണ ബോർഡിൽ നിന്ന് അനുമതി ലഭ്യമായിക്കാണുന്നില്ല. അനുമതി ലഭ്യമായിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി 33/16/9/21 നുള്ള മറുപടി)

2.അംഗീകരിച്ച എസ്റ്റിമേറ്റിലെ ഇനം- 2ഇലക്ട്രിഫിക്കേഷൻ നിർവഹണം നടത്തുന്നതിനു മുൻപായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി മറ്റു പ്രവൃത്തികളോടൊപ്പം പൂർത്തീകരിക്കേണ്ടതാണ്.

ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 33/16/9/21 നുള്ള മറുപടി)

3. ഇനം 3- ഓർഗാനിക് വേയ്സ്റ്റ് ഷെറെഡിംഗ് മെഷിൻ, ഇനം 4-ടൂൾസ് & എക്വിപ്മെന്റ്സ് എന്നിവ സ്പെസിഫിക്കേഷൻ ഉറപ്പുവരുത്തി പ്രോക്യുർമെന്റ് റൂൾസിനു വിധേയമായി വാങ്ങേണ്ടതാണ്.

കടവല്ലൂർ പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിലുള്ള കമ്മ്യൂണിറ്റിഹാളിലെ ഷെഡിൽ വേയ്സ്റ്റ് ഷ്റെഡിംഗ് മെഷീൻ സ്ഥാപിക്കാത്ത നിലയിൽ കാണപ്പെട്ടു.

ടൂൾസ്, എക്വിപ്മെന്റ്സ്, 2എം ക്യൂബ് എഫ്.ആർ.പി നിർമ്മിത പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് (വാട്ടർജാക്കറ്റ് സഹിതം) എന്നിവ സ്ഥാപിച്ചിട്ടില്ല.

5.സ്ഥാപിക്കപ്പെടുന്ന ഖരമാലിന്യ സംസ്കരണപ്ലാന്റിന്റെ പരിപാലനം ഹരിതകർമ്മസേനാംഗങ്ങളേയോ, മറ്റു സമാന ഏജൻസികളേയോ ഉപയോഗപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

ഖരമാലിന്യ സംസ്കരണപ്ലാന്റിന്റെ തുടർ പരിപാലനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 33/16/9/21 നുള്ള മറുപടി)

ഖരമാലിന്യ സംസ്കരണപ്ലാന്റിന്റെ സ്ഥാപിക്കൽപ്രവൃത്തിയുടെ പാർട്ട് ബില്ലുകൾ, ഫൈനൽ ബില്ല്, എം ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയ രേഖകൾ ഇല്ലാതെ തന്നെ മുഴുവൻ തുകയും ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. എട്ട് ലക്ഷം രൂപ ചെലവഴിച്ചിട്ടും നിലവിലും ഖരമാലിന്യ സംസ്കരണപ്ലാന്റിന്റെ പ്രവർത്തനക്ഷമമായിട്ടില്ല. പദ്ധതിയിൽ വിഭാവനം ചെയ്തശാസ്ത്രീയമായ മാലിന്യ സംസ്കരണം എന്ന ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-30 വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി വിവിധ ഏജൻസികൾക്കും ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവക്കും കൈമാറിയ തുകയുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്ട് | ഫണ്ട് | ട്രഷറി ബിൽ നം/തുക | വൗച്ചർ നം/തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | S0003/20 ഐ.കെ.എം വിഹിതം അടവാക്കൽ | വികസനഫണ്ട് | 18/20.1.20 108175 | 21901402/22/11/19 | ഐ.കെ.എം |
| 2 | S0077/20വനിത ഫെസിലിറ്റേഷൻ സെന്റർ | ,, | 19/19.2.20 300000 | 21901403/22/11/19 | സംയുക്ത പ്രോജക്റ്റ് വിഹിതം -ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്, |
| 3 | S251/20ക്യാൻ തൃശ്ശൂർ - | ,, | 17/17.12.19 80000 | 21901404/22 /11/19 | സംയുക്ത പ്രോജക്റ്റ് വിഹിതം ജില്ലാ പഞ്ചായത്ത് |
| 4 | S258/20 കൊള്ളഞ്ചേരി പാടം തടയണ നിർമ്മാണം | തനത് ഫണ്ട് | 26795 | 21901213/13 -2 -2020 | സംയുക്ത പ്രോജക്റ്റ് വിഹിതം -ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 5 | S073/20എബിസി പ്രോഗ്രാം വിഹിതം | വികസനഫണ്ട് | 7/21.8.19<br>210000 | 21900822/16/8/19 | കുടുംബശ്രീ ജില്ല മിഷൻ |

വിനിയോഗ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ , പി എച്ച് സി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് /ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്ന് /ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 162/20<br>ജീവിതശൈലി രോഗ നിയന്ത്രണം | PRF 3707/2.1.20 | 2306705/1.2.20 | 51000 | |
| 2 | 148/20<br>പെരുമ്പിലാവ് പി എച്ച് സി യിലേക്ക് മരുന്ന വാങ്ങൽ | PRF 2859/30.11.19<br>PRF 2134/4.11.19 | 1. 2306673/24.12.20<br>2. 4/19-20 /22.1.20 | 150000<br>350000 | പ്രോജക്ട് രൂപീകരണ ഫോറത്തിൽ തുക വകയിരുത്തിയിരിക്കുന്നത് 350000രൂപ മാത്രമാണ് (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| 3 | 155/20<br>പരിരക്ഷ-സാന്ത്വന പരിചരണം | 1.PRF 3471/24.12.19<br>2.PRF 2121/2.11.19 | 7/19-20/22.1.20<br>(Vr. 21901439 /3.1.20)<br>2/19-20/25.11.19<br>(Vr. 21900842 /21.11.19) | 171280<br>500000 | |

മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-32 ചെലവ് രേഖകളുടെ അഭാവം - തുക തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. ഫാർമസി നവീകരണം - ഫർണ്ണിച്ചർ വാങ്ങൽ

പ്രോജക്ട് നം - 265/20

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ബിൽ നം 5/19-20/31.1.20 തുക 85850 (വൗച്ചർ നം 21900841 /4.11.19)

ഫാർമസിയിലേക്ക് റാക്ക്, കമ്പ്യൂട്ടർ ടേബിൾ, കൗണ്ടർ സ്റ്റാന്റ് എന്നിവ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി പ്രകാരം എൽസാ ഏജൻസീസ് ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സ് (ഇൻവോയ്സ് നം. ELR/83/19-20/1.11.19) എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങൽ സംബന്ധിച്ച യാതൊരു വിവരങ്ങളും പ്രോജക്ട് രൂപീകരണ പത്രികയിൽ വിശദീകരിച്ചിട്ടില്ല.

2.സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് വേണം മേൽ പ്രകാരമുള്ള വാങ്ങൽ നടത്താൻ. എന്നാൽ ടെണ്ടർ /ക്വട്ടേഷൻ വിളിച്ചതിന്റെ യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയത്.

3. മേൽ വാങ്ങലിന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമോ, പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ലഭ്യമാക്കിയതായി കാണുന്നില്ല.

4.ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് ഇല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

II.ആർദ്രം പദ്ധതി പിഎച്ച് സി ടോക്കൺ സിസ്റ്റം, പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് വാങ്ങിക്കൽ

പ്രോജക്ട് നം - 165/20

ഫണ്ട് - തനത് ഫണ്ട്

ചെക്ക് നം. 2173203/24.2.20 തുക 59405 (പ്രോ. ഇൻവോയ്സ് 12946/27.12.19)

2173209/16.3.20 തുക 74904 ( ഇൻവോയ്സ് 1083/17.2.20)

2173210/ 17.3.20 തുക 14851 (പ്രോ. ഇൻവോയ്സ് 15939/22.2.20)

പി എച്ച് സി യിലേക്ക് ടോക്കൺ സിസ്റ്റം, ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ എന്നിവ ടെണ്ടർ നടപടികളില്ലാതെ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനാണ് സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

2. പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് എന്നിവ നാളിതുവരെ ലഭ്യമായിട്ടില്ല. ഇവ ലഭ്യമാക്കുന്നതിന് സ്ഥാപനവുമായി തുടർനടപടികൾ സ്വീകരിച്ചതിന്റെ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.ലഭ്യമായ ടോക്കൺ സിസ്റ്റം സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4.വാങ്ങലിന് പ്രൊക്യൂർമെന്റ് കമ്മിറ്റി /പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമല്ല.

III. പി എച്ച് സി സബ് സെന്ററുകൾക്ക് കമ്പ്യൂട്ടർ ആന്റ് ഫർണ്ണിച്ചർ വാങ്ങൽ

പ്രോജക്ട് നം - 166/20

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ബിൽ നം 8/19-20/23.3.20 തുക 45363 (വൗച്ചർ നം 21901490 /18.3.20)

ബിൽ നം 6/19-20/28.2.20 തുക 165770 (വൗച്ചർ നം 21901432 /30.12.19)

പി എച്ച് സി യുടെ കീഴിലുള്ള സബ് സെന്ററുകളിലേക്ക് കമ്പ്യൂട്ടറുകളും ഫർണ്ണിച്ചറും വാങ്ങുന്നതിനാണ് പദ്ധതി. പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും 5കമ്പ്യൂട്ടർ ടേബിളുകൾ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം . SMCOLR/DR.INV/19-20/707/29.2.20)ആയതിന് മേൽ പ്രകാരം 45363 രൂപ ചെലവഴിച്ചിട്ടുമുണ്ട്. കെൽട്രോണിൽ നിന്നും 5 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ (പ്രൊഫോർമ ഇൻവോയ്സ് നം. 12942/19-20) 165770രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കമ്പ്യൂട്ടറുകൾ നാളിതുവരെയായി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനായി യാതൊരു തുടർനടപടികളും സ്വീകരിച്ചതായും കാണുന്നില്ല.

2.സിഡ്കോയുമായും, കെൽട്രോണുമായും കരാറിലേർപ്പെട്ടതായി കാണുന്നില്ല.

3. ലഭ്യമായ കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമോ, പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (36/16.9.21) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 446143 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-33 നിയമന ഉത്തരവുകളോ തീരുമാനങ്ങളോ ലഭ്യമാക്കിയിട്ടില്ല.

ആർദ്രം പദ്ധതി ഡോക്ടർ ആന്റ് നേഴ്സ് വേതനം ലഭ്യമാക്കൽ

പ്രോജക്ട് നം - 167/20

ഫണ്ട് - തനത് ഫണ്ട്.

പദ്ധതി പ്രകാരം ഒരു ഡോക്ടറേയും നഴ്സിനേയും നിയമിച്ച് വേതനം അനുവദിച്ചിട്ടുണ്ട്. ഡോക്ടർക്ക് 51840രൂപ നിരക്കിലും, നേഴ്സിന് 21000 രൂപ നിരക്കിലുമാണ് വേതനം അനുവദിച്ചത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം /തിയതി | തുക |
|---|---|
| 85559/4.9.19 | 17000 |
| 4008519/4.11.19 | 72840 |
| 4008506/19.8.19 | 17000 |
| 85955/7.1.20 | 8000 |
| 2306671/24.12.19 | 72840 |
| 21901073/22.1.20 | 72840 |
| 2306710/14.2.20 | 72840 |
| 2173209/16.3.20 | 72840 |
| 2338848/ | 72840 |
| 2306705/1.2.20 | 72840 |
| ആകെ | 551880 |

മേൽ പ്രകാരമുള്ള നിയമനം നൽകി വേതനം അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവുകളോ തീരുമാനങ്ങളോ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 36/16.9.21) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 551880 രൂപപ്പെടുത്തുന്നു.

## 1-34 റേഷ്യോ പ്രമോഷൻ കുടിശ്ശിക അനുവദിച്ച വൗച്ചറും, ഉത്തരവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടുള്ള ബിൽരജിസ്റ്റർ പ്രകാരം വൗച്ചർ നംപർ 21900158/10.05.19 (ചെക്ക് നമ്പർ 743406/10.05.19) പ്രകാരം ശ്രീ. കെ.മനോജ് സെക്രട്ടറിക്ക് 26.06.17 മുതൽ 30.06.18 വരെയുള്ള Ratio Promotion Arrear എന്ന് കാണിച്ച് 58,849 രൂപ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൗച്ചർ പരിശോധനക്ക് ലഭിച്ചിട്ടില്ല. പാർട്ട് 1 കെ.എസ്.ആർ ചട്ടം 23(ഡി) പ്രകാരം ഇപ്രകാരമുള്ള പ്രമോഷനുകൾക്ക്, പ്രമോഷൻ ഓർഡർ തീയതിക്ക് മുൻപേയുള്ള ഒരു വർഷത്തേക്ക് മാത്രമാണ് കുടിശ്ശികക്ക് അർഹതയുള്ളത്. വൗച്ചറും, Ratio Promotion അനുവദിച്ച ഉത്തരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അതിനാൽ 58,849 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

( ഓഡിറ്റ് എൻക്വയറി 42/17.09.21 )

## 1-35 ഡി.എ കുടിശ്ശിക അനുവദിച്ചതിലെ അപാകതകൾ - പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നമ്പർ 21900080/20.04.19 ( ചെക്ക് നമ്പർ 84631/20.04.19) പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ 01.01.18, 01.07.18 എന്നീ തീയതി മുതലുള്ള ഡി.എ കുടിശ്ശിക ( സ.ഉ(പി) 44/19/ഫിൻ തീ.04.04.19 പ്രകാരമുള്ളത്) 1,53,020 രൂപ അനുവദിച്ചിട്ടുണ്ട്. ഈ ബില്ലിൽ ഉൾപ്പെട്ട ശ്രീമതി. റംല പി.എ സീനിയർ ക്ലർക്കിന് 20989 രൂപയാണ് ഇത് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ചിട്ടുള്ളതിൽ ശ്രീമതി.റംല.പി.എ ക്ക് സപ്തംബർ 2018 നം, മാർച്ച് 2019 നം സറണ്ടർ ലീവ് സാലറി അനുവദിച്ചതിനുള്ള ഡി.എ കുടിശ്ശികയായി ( അടിസ്ഥാന ശമ്പളം 31500 ) 1575 X 2 = 3150 രൂപ നൽകിയിട്ടുണ്ട്. ശ്രീമതി. റംല പി.എ പഞ്ചായത്തിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച് പോയതിനാൽ സേവനപുസ്തകം പരിശോധിക്കാൻ സാധിച്ചില്ല. ഒരു സാമ്പത്തിക വർഷത്തിൽ ഇപ്രകാരം രണ്ട് സറണ്ടർ ലീവ് സാലറി ഡി.എ കുടിശ്ശിക അനുവദിച്ചതെങ്ങിനെയെന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

ഇതേ ബില്ലിൽ ഉൾപ്പെട്ട ശ്രീ. മുഹമ്മദ് ഇസ്മായിൽ സീനിയർ ക്ലർക്കിന് 17306രൂപയാണ് ഡി.എ കുടിശ്ശികയായി അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ചിട്ടുള്ളതിൽ ശ്രീ. മുഹമ്മദ് ഇസ്മായിലിന് ഏപ്രിൽ 2018 നം, മാർച്ച് 2019 നം സറണ്ടർ ലീവ് സാലറി അനുവദിച്ചതിനുള്ള ഡി.എ കുടിശ്ശിക നൽകിയിട്ടുണ്ട്. എന്നാൽ ഏപ്രിൽ 2018 ലെ ശമ്പളത്തിന്റെ ഡി.എ കുടിശ്ശിക കണക്കാക്കി നൽകിയപ്പോൾ അടിസ്ഥാന ശമ്പളം 26500 രൂപയും, ഏപ്രിൽ 2018 ലെ സറണ്ടർ ലീവ് സാലറിയുടെ ഡി.എ കുടിശ്ശിക കണക്കാക്കി നൽകിയപ്പോൾ അടിസ്ഥാന ശമ്പളം 27150 എന്നുമാണ് കാണിച്ചിട്ടുള്ളത്. ശ്രീ. മുഹമ്മദ് ഇസ്മായിൽ പഞ്ചായത്തിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച് പോയതിനാൽ സേവനപുസ്തകം പരിശോധിക്കാൻ സാധിച്ചില്ല. ഈ അപാകതകളുടെ കാരണം പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ കാരണം അധികം അനുവദിച്ച തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.43/17.09.21)

## 1-36 സ്ഥലം മാറ്റം ലഭിച്ചുപോയ ജീവനക്കാരുടെ സേവനപുസ്തകത്തിൽ സറണ്ടർ ലീവ് സാലറി അനുവദിച്ച രേഖപ്പെടുത്തൽ വരുത്തുന്നതിൽ വീഴ്ച വന്നിട്ടില്ലെന്ന് ഉറപ്പാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നമ്പർ 21900281/17.06.19 ( ചെക്ക് നംപർ 84945/17.06.19) പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്ലർക്കായ ശ്രീ. ജയപ്രകാശിന് 2019-20 വർഷത്തെ 30 ദിവസത്തെ സറണ്ടർ ലീവ് സാലറി 28640 രൂപ അനുവദിച്ചിട്ടുണ്ട് (@ BP 22200 + DA 4440 + HRA 1000 + HA 1000 ). എന്നാൽ ശ്രീ. ജയപ്രകാശിന്റെ സേവനപുസ്തകത്തിൽ ലീവ് അക്കൗണ്ടിലോ, ബോഡിയിലോ ഇതു സംബന്ധിച്ചുള്ള രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. അപാകതക്ക് കാരണം അറിയിക്കേണ്ടതും ആയത് പരിഹരിക്കേണ്ടതും ആണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.44/17.09.21) മറുപടി ലഭ്യമാക്കുകയുണ്ടായി. ശ്രീ. ജയപ്രകാശിന്റെ സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തിയ ശേഷം രേഖപ്പെടുത്തൽ വരുത്തിയതായി മറുപടി ലഭ്യമാക്കി. എന്നാൽ ഈ അപാകത സംഭവിച്ചതിന്റെ കാരണം അറിയിക്കുകയുണ്ടായില്ല. വൗച്ചറിനൊപ്പമുള്ള ലീവ് സറണ്ടർ അനുവദിച്ച ഉത്തരവിൽ സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട് എന്ന സത്യവാങ്ങ് മൂലം ചേർക്കുകയോ ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ ഈ കാലയളവിൽ ജോലി ചെയ്തിരുന്നതും സ്ഥലം മാറ്റം ലഭിച്ചുപോയതുമായ മറ്റ് ജീവനക്കാരുടെ സേവനപുസ്തകത്തിൽ പഞ്ചായത്തിൽനിന്നും അനുവദിച്ച ലീവ് സറണ്ടർ രേഖപ്പെടുത്തുന്നതിൽ വീഴ്ച വന്നിട്ടില്ലെന്ന് ഉറപ്പാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-37 പൊതുടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയിട്ടും വാട്ടർചാർജ്ജ് അടവാക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പ്രതിമാസം 1,34,313 രൂപ വീതമാണ് വാട്ടർഅതോറിറ്റിയിലേക്ക് പൊതുടാപ്പുകളുടെ വാട്ടർചാർജ്ജായി അടവാക്കിയിട്ടുള്ളത്. ഇത് പ്രതിവർഷം 5250 രൂപ ക്രമത്തിൽ 307 പൊതുടാപ്പുകളുടെ വാട്ടർചാർജ്ജാണ് ( 5250 X 307/12 ). വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിനെ തുടർന്ന് 11 പൊതുടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ് ബിൽ തുകയിൽ കുറച്ച് നൽകുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടാൻ 26.02.20 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 12(1) പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ ഫെബ്രുവരി 2020 മുതൽ മാർച്ച് 2020 വരെയും തുടർന്നും വാട്ടർഅതോറിറ്റിയിലേക്ക് അടവാക്കിയ പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ് മുൻ മാസങ്ങളിലെ അതേനിരക്കിൽ തന്നെയാണ്. ഇത് സംബന്ധിച്ച വൗച്ചർ വിശദാംശം താഴെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|

| | |
|---|---|
| 21901245/22.02.20 | 134313 |
| 21901368/29.03.20 | 134313 |

ഇത് കാരണം 2019-20 സാമ്പത്തിക വർഷത്തിൽ ഏറ്റവും ചുരുങ്ങിയത്, ഫെബ്രുവരി 2020 മുതൽ മാർച്ച് 2020 വരെ 2മാസങ്ങളിലായി 9625 രൂപ ( 5250 X 11 X 2/12 ) വാട്ടർഅതോറിറ്റിയിലേക്ക് അധികമായി അടവാക്കിയിട്ടുണ്ട്. ഈ തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 45/17.09.21)

## 1-38 മരാമത്ത് പണികൾ - മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ല്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

4) പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപെടുന്നില്ല.

പല അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപെടുന്നില്ല. ഉദാഹരണം 1) ഒറ്റപ്പിലാവ് കൊരട്ടിക്കര റോഡ് റീടാറിംഗ് ( പ്രോജക്ട് 207/20 ) 2) ചോല കോടത്തുംകുണ്ട് റോഡ് റീ ടാറിംഗ് ( പ്രോജക്ട് 205/20)

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 9/13.09.21)

## 1-39 മരാമത്ത് പണികൾ--പൊതു അപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ

അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു.

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡി മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/13.09.21)

## 1-40 ഇക്കുഴി റോഡ് - കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ നിരസിച്ചതിന് കാരണം രേഖപ്പെടുത്താതെ റീടെണ്ടറിന് തീരുമാനിച്ചു- ഒഴിവാക്കാമായിരുന്ന അധിക ചെലവ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 82/19, 198/20 |
| പ്രൊജക്റ്റ് | ഇക്കുഴി റോഡ് |
| സാങ്കേതികാനുമതി | 18865/2018-19 |
| എസ്റ്റിമേറ്റ് നമ്പർ | 2018/52836 |
| സാങ്കേതികാനുമതി തുക | 6,40,000 രൂപ |
| കരാറുകാരൻ | ശ്രീ.കെ.കെ. അഷ്റഫ് |
| കരാർ നിരക്ക് | 625172 രൂപ |
| കരാർ ഉടമ്പടി | 55/AE/LSGD/KDR/2018-19 Dtd. 15.11.18 |
| എം.ബുക്ക് | 36/17-18 |
| വൗച്ചർ നമ്പർ, തുക | 21900387/21.06.19 = 604582 (CFC G) |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, 21.08.18 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 4 ാം നംപർ തീരുമാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത് പ്രകാരം, ടി- പ്രവൃത്തിക്ക് ലഭിച്ച രണ്ട് ടെണ്ടറുകൾ പരിഗണിക്കാതെ റീ ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തീരുമാനം എടുത്ത കമ്മറ്റി തന്നെ 2 ടെണ്ടറുകൾ മാത്രം ലഭിച്ച 2 പ്രോജക്ടുകളിലെ ടെണ്ടർനിരക്ക് അംഗീകരിച്ചിട്ടുമുണ്ട് (ആകെ 7 പ്രോജക്ടുകളിലെ ടെണ്ടർനിരക്കാണ് പരിഗണിച്ചത്. ഇതിൽ രണ്ട് ടെണ്ടറുകളിൽ ടെണ്ടർ ലഭിക്കാത്തതിനാൽ റീ ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി രണ്ട് പ്രോജക്ടുകളിൽ മൂന്ന് ടെണ്ടർ വീതം ലഭിച്ചതിൽ കുറവ് രേഖപ്പെടുത്തിയത് അംഗീകരിച്ചു ). തുടർന്ന് റീ ടെണ്ടർ ചെയ്ത പ്രവൃത്തി 22.10.18 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 5(1) ാം നംപർ തീരുമാന പ്രകാരം ശ്രീ.അഷ്റഫ്.കെ.കെ യുടെ 625172 രൂപയുടെ Single Tender അംഗീകരിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ ആദ്യ ടെണ്ടറിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ (നിരക്ക് 543279.8 രൂപ) ശ്രീ. വിഷ്ണു.എം.വി യുടെ ടെണ്ടർ നിരസിച്ചതിന് കാരണം അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 51/17.09.21) മറുപടി ലഭിച്ചില്ല.

ഇപ്രകാരം കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ നിരസിച്ചതിന് കാരണം രേഖപ്പെടുത്താതെ റീടെണ്ടറിന് തീരുമാനിച്ചുവഴി പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ ഏറ്റവും ചുരുങ്ങിയത് 61302 രൂപയുടെ ( 604582 - 543279.8 = 61302.2 ~ 61302 ) അധിക ചെലവ് ഉണ്ടായി. മേൽ വിവരിച്ച സാഹചര്യത്തിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ നിരസിച്ചതിന് കാരണം വ്യക്തമാക്കുകയോ അല്ലാത്ത പക്ഷം തെറ്റായ

തീരുമാനത്തിലൂടെ പഞ്ചായത്ത് ഫണ്ടിനുണ്ടായ അധികചെലവിന് ഉത്തരവാദികളായ, 21.08.18 ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന് കാരണക്കാരായ, പഞ്ചായത്ത് കമ്മറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-41 ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.

2019-20 ൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കരാറുകാർക്ക് 12% ജി.എസ്.ടി വിഹിതം അനുവദിച്ച് നൽകിയതിന് ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. എന്നാൽ തുക 2.5 ലക്ഷത്തിൽ താഴെയായതിനാൽ ബിൽ തുക അനുവദിക്കുമ്പോൾ ഉത്ഭവസ്ഥാനത്ത് നിന്നും ജി.എസ്.ടി കിഴിവ് വരുത്തിയിട്ടില്ല. പ്രസ്തുത കരാറുകാർ ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ടില്ല. ഇൻവോയ്സിന്റെ അഭാവത്തിൽ ബിൽ തുക അനുവദിച്ചത് ക്രമത്തിലല്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. വ്യക്തമായ മറുപടിയുടെ അഭാവത്തിൽ വിഷയം ജി.എസ്.ടി വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

| പ്രൊജക്ട് നം. | പ്രൊജക്ട് | കരാറുകാരൻ | മൂല്യനിർണ്ണയം (12% GST ഉൾപ്പടെ) | വൗച്ചർ/ചെക്ക് നംപർ നം./തീയതി | തുക |
|---|---|---|---|---|---|
| 60/20 | വാട്ടർടാങ്ക് ബാക്ക് സൈഡ് കോൺക്രീറ്റിംഗ് | ശ്രീ. എ.ബി. ബിനീഷ് | 216261 | 21901455/29.01.20 | 216261 |
| 261/20 | മേലെപുര കോളനി കുടിവെള്ള കിണർ പൂർത്തീകരണം | ശ്രീ. വിപിൻ. പി.ഐ | 102200 | 1970204/28.11.19 | 100374 |
| 272/20 | മിച്ചഭൂമി കുടിവെള്ളപദ്ധതി ടാങ്ക് നിർമ്മാണം | ശ്രീ. നാരായണൻ.ടി | 104468 | 2338841/30.03.20 | 102602 |
| 274/20 | പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിന് അടിസ്ഥാനസൌകര്യം ഒരുക്കൽ | ശ്രീ. എ.ബി. ബിനീഷ് | 97746 | 85944/28.12.19 | 95792 |

(ഓഡിറ്റ് എൻക്വയറി നം. 39/16.09.21)

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 365000 | ലൈഫ് എസ് സി. വനിത സ്ഥലം വാങ്ങൽ | - | 365000 |
| | 2019-20 | 200000 | അനുപൂരക പോഷകഹാരം | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 350000 | ഭിന്നശേഷി സ്കോളർഷിപ്പ് | 350000 | NIL |
| | 2019-20 | 150000 | Pain & Paliative | 150000 | NIL |
| | 2019-20 | 500000 | ആൽത്തറ LMUP School റോഡ് | 499000 | 1000 |
| | 2019-20 | 12500 | ആശ്രയ പദ്ധതി | 0 | 12500 |
| | 2019-20 | 200000 | ആനക്കല്ല് കുടിവെള്ള പദ്ധതി | 0 | 200000 |
| | 2019-20 | 75000 | ലൈഫ് ഭവന പദ്ധതി എസ്.സി | 75000 | 0 |
| | 2019-20 | 406370 | മാതൃക ഹരിത ഗ്രാമം | 0 | 406370 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | അനുപൂരക പോഷകാഹാരം | 300000 | 0 |
| | 2019-20 | 350000 | ഭിന്നശേഷി സ്കോളർഷിപ്പ് | 350000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തൻവർഷം ഇല്ല | 0 | തൻവർഷം ഇല്ല | | |
| 2 | ഭൂജല വകുപ്പ് | തൻവർഷം ഇല്ല | 0 | തൻവർഷം ഇല്ല | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി-കടവല്ലൂർ സർവ്വീസ് സഹ. ബാങ്ക് | സ.ഉ.(എം.എസ്)83/13 /ത.സ്വ.ഭ.വ. തി:11-03-13 | 2,00,00,000 | 1,25,80,000(വാർഷിക കണക്ക പ്രകാരം) | 20,00,000 | | 1,07,00,000 + 2181926(വാർഷിക കണക്ക പ്രകാരം)* |

* വാർഷികകണക്കിലെ അപാകതകൾ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,100 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | 50,05,100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,05,100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ്മിൽ ലിമിറ്റഡ് | 5,100 | 084/05.07.2001 |
| കടവല്ലൂർ സർവീസ് സഹകരണബാങ്ക് | 50,00,000 | 37758/01.07.19 |
| ആകെ | 50,05,100 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തിയതി |
|---|---|---|---|---|
| 2017-18 | 3-16 | 5731 | അമൃത.കെ.പി.എൻ സീനിയർ ക്ലർക്ക് | 119010101608/ 28/05/2019 |
| 2017-18 | 3-16 | 4360 | ജയപ്രകാശ്.കെ.ഡി ക്ലർക്ക് | 119010101835/ 04/06/2019 |
| 2015-16 (സമാഹൃത ഓഡിറ്റ് ) | | 250 | സത്യൻ.ടി, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | 119010105450/ 25/09/2019 |
| 2016-17 (സമാഹൃത ഓഡിറ്റ് ) | 2-1 | 2500 | മാനേജർ, എസ്.ബി.ഐ, പെരുമ്പിലാവ് | 119010500012/ 27/09/2019 |
| 2015-16 (സമാഹൃത ഓഡിറ്റ് | | 900 | ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ പെരുമ്പിലാവ് | 119010109910/ 22/11/2019 |
| 2016-17 | 3-7 | 1364 | കാഞ്ചനമാല, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 119010111580/ 06/01/2020 |
| 2016-17 (സമാഹൃത ഓഡിറ്റ്) | | 1316 | മാനേജർ, എച്ച്.ഡി.എഫ്.സി, പെരുമ്പിലാവ് | 119010400012/ 10/02/2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (ഈ വിവരം പഞ്ചായത്തിനോട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും "ഇല്ല" എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള വിവരം അതേപടി താഴെ ചേർക്കുന്നു.)

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2.6 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89,265,776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78,074,501 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1056872 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 446143 | ശ്രീ. അഭിലാഷ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്. സി |
| 1-33 | 551880 | ശ്രീ. അഭിലാഷ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്. സി |
| 1-34 | 58,849 | ശ്രീ. നന്ദകുമാരൻ കെ.കെ.<br>സെക്രട്ടറി |
| ആകെ | 1056872 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-40 | 61302 | 21.08.18 ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന് കാരണക്കാരായ, പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-32 | 446143 | ശ്രീ.അഭിലാഷ് മെഡിക്കൽ ഓഫീസർ,പി.എച് സി | ശ്രീ.അഭിലാഷ്, മെഡിക്കൽ ഓഫീസർ, കടവല്ലൂർ പി.എച്ച്.സി | ലഭ്യമല്ല |
| 1-34 | 58,849 | ശ്രീ.നന്ദകുമാരൻ കെ.കെ. | ലഭ്യമല്ല | കാനോളി വീട് മൂർക്കനിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| | ഓഡിറ്റ് അദാലത്ത് നമ്പർ എൽ.എഫ് ടി.(എസ്.2)- 894 /27 .7 .11 /01.10.11 |
| 76-77 | എൽ എഫ് ഇ3-2829/78/ 13.03.79 |
| 84--85 | എൽ എഫ് ടി. 10-1790/ 96/ 07.12.96 |
| 88-89,89-90 | എൽ എഫ് ടി 10-642/94/ 20.03.96 |
| 90-91 | എൽ എഫ് ടി10-1658/ 94/ 05.06.94 |
| 91-92 | എൽ എഫ് ടി10-963/93/ 06.06.94 |
| 92-93,93-94 | എൽ എഫ് ടി10-233/95/ 11.12.95 |
| 94-95,95-96 | എൽ എഫ് ടി10- 245/ 2000/ 05.08 2000 |
| 96-97(ചെലവ്) | എൽ എഫ് ടി5-5/98/ 02.01.99 |
| 97-98(ചെലവ്) | എൽ എഫ് ടി10/1445/98/ 13.01.99 |
| 98-99(ചെലവ്) | എൽ എഫ് ടി 10-762/01/ 27.08.01 |

| | |
|---|---|
| 99-00(ചെലവ്) | എൽ എഫ് ടി 10-923/03/ 03.09.03 |
| 2000-01,2001-02 (ജനകീയാസൂത്രണം) | എൽ എഫ് ടി10-6543/03/ 05.05.04 |
| 96-97( ചെലവ്) | എൽ എഫ് ടി.10-169/08/01.01.09 |
| 97-98( ചെലവ്) | എൽ എഫ് ടി10-170/08/01.01.09 |
| 98-99 (ചെലവ്) | എൽ എഫ് ടി10-171/08/01.01.09 |
| 2000-01 | എൽ എഫ് ടി10- 173/08/01.01.09 |
| 2001-2002 | എൽ എഫ് ടി 10- 174/08/04.05.09 |
| 2002-03 | എൽ എഫ് ടി10-1050/08/31.08.09 |
| 2003-04 | എൽ എഫ് ടി10-1051/08/31.08.09 |
| 2004-05 | എൽ എഫ് ടി10-245/09/14.06.10 |
| 2005-06 | എൽ എഫ് ടി10-1372/09/06.08.10 |
| 2006-07 | എൽ എഫ് ടി10-1373/11.08.10/13.10.11 |
| 2007-08 | എൽ എഫ് ടി (പി. 2)164/ 12/05.06.12 |
| 2008-09 | എൽ എഫ് ടി(പി. 2) 165/12/05.06.12 |
| 2009-10 | എൽ എഫ് ടി (പി 2)166/ 12/05.06.12/ 05.07.12 |
| 2010-11 | എൽ എഫ് ടി (പി .2) 2237/12/14.2.13/ 09.05.13 |
| 2011-12 | എൽ എഫ് ടി(പി. 6)1975/13/17.08.14/ 09.07.14 |
| 2012-13 | എൽ എഫ് ടി (പി.9) 1450/ 14/12.01.15/ 6.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി9)941/15 20.10.2015/ 04.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി9)923/16/ 16.6.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി9)1855/16/ 8.11.16/5.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)1524/17/ 29.11.17/30.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി6)24/19 3.04.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി6)/1494/19 16.12.19 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്'രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കടവല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്